# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ചെറുതന ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 3 - 874/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 04/11/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുതന ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെറുതന ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുതന ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 3 - 874/2024 തീയ്യതി: 04/11/2024

## ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-07-2023 മുതൽ 02-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിജിലാൽ ബി. | ഡെപ്യൂട്ടി ഡയറക്ടർ | 03-09-2024 | 12-09-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-09-2024 | 12-09-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സാബു പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി രാജി എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഷിബു എ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എബിമാത്യു | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| അഞ്ജനാദീപ്തി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2023 | 03-05-2023 |
| ലത.എൽ | സെക്രട്ടറി | 04-05-2023 | 10-07-2023 |
| പി.ശ്രീദേവിഅമ്മ | സെക്രട്ടറി | 10-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സലീം.കെ.എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ജോബിൻകുര്യൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 13-09-2023 |
| വേക്കന്റ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 14-09-2023 | 26-09-2023 |
| കുമാരി ഗീത.പി.എൽ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 27-09-2023 | 31-03-2024 |
| സൈറാഭാനു | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| കാർത്തിക | കൃഷിഓഫീസർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ജിനി.ജെ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീജ എസ് നായർ | ഡയറിഫാംഇൻസ്ട്രെക്ടർ | 01-04-2023 | 31-03-2024 |
| ഡോ.ഉമേഷ് | മെഡിക്കൽ ഓഫീസർ.സിഎച്ച്സി | 01-04-2023 | 06-07-2023 |
| ഡോ.ലാൽകൃഷ്ണൻ | മെഡിക്കൽ ഓഫീസർ.സിഎച്ച്സി | 06-07-2023 | 31-03-2024 |
| ഡോ.വിജയറാണി | മെഡിക്കൽ ഓഫീസർ. (ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ.സെറിൻ | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2023 | 31-03-2024 |
| കൃഷ്ണ | സബ് ഇൻസ്പ്ക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 31-03-2024 |
| രാജശ്രീ | ഹെഡ്മാസ്റ്റർ,ഗവ,എൽ.പി.എസ് | 01-04-2023 | 31-03-2024 |
| അഞ്ജനാദീപ്തി,കെ.ആർ | അസി.സെക്രട്ടറി | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | തുകയുടെ കൃത്യത വിശദീകരിച്ചില്ല | 1-1-3 |
| 5 | സഞ്ചയയിൽ നിന്നുള്ള ഡി.സി.ബി റിപ്പോർട്ട് - വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമപദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 15 | ഫണ്ട് വിനിയോഗം സംബന്ധിച്ച് | 1-10 |
| 16 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം -ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കിയില്ല | 1-11 |
| 17 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-12 |
| 18 | സോളാർ പാനൽ ഇൻസ്റ്റലേഷൻ-അപാകതകൾ | 1-13 |
| 19 | നെൽ വിത്ത് വിതരണം- ബില്ലുകളും -സ്റ്റോക്ക് രജിസ്റ്ററും-വിതരണരേഖകളുമായി പൊരുത്തപ്പെടുന്നില്ല | 1-14 |
| 20 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - തുക അധികം അനുവദിച്ചു | 1-15 |
| 21 | പി.എച്ച്.സി മരുന്നുകൾ ലഭ്യമാക്കിയില്ല | 1-16 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല | 1-17 |
| 23 | പച്ചക്കറി കൃഷി - പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധേയമായ അപാകതകൾ | 1-18 |
| 24 | ഹരിതസഹായസ്ഥാപനത്തിന് തുക നൽകൽ -പ്രതിമാസ പ്രവർത്തന റിപ്പോർട്ട് ഹാജരാക്കിയില്ല | 1-19 |
| 25 | പച്ചക്കറി കൃഷി എസ്.സി ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല | 1-20 |
| 26 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-21 |
| 27 | അങ്കണവാടികളുടെ അറ്റകുറ്റപ്പണി - ടെണ്ടറിൽ ഒരേ ഇനം പ്രവൃത്തിക്ക് കരാറുകാരൻ വ്യത്യസ്ത നിരക്ക് കോട്ട് ചെയ്യുന്നു | 1-22 |
| 28 | എം.ജി.എൻ.ആർ.ഇ.ജി.എസ്.-പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകങ്ങൾ- | 1-23 |
| 29 | എം.ജി.എൻ.ആർ.ഇ.ജി.എസ്.-പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം- നട്ടു പിടിപ്പിക്കുന്ന ചെടികളുടെ പരിപാലനം ഉറപ്പാക്കപ്പെടുന്നില്ല - | 1-24 |
| 30 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -ആദായനികുതി ഈടാക്കാത്തത് സംബന്ധിച്ച് | 1-25 |
| 31 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - തുക അധികം അനുവദിച്ചു | 3-1 |
| 2 | പച്ചക്കറി കൃഷി അപാകതകൾ സംബന്ധിച്ച് | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 28.05.2024-ലെ 7-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.05.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെറുതന ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ചെറുതന ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ ഐ.എൽ.ജി.എം.എസ്.ൽ ആയതിന് ഓപ്ഷൻ ഇല്ല എന്നും വിഷയം ഐ.കെ.എം.ന്റെ ശ്രദ്ധയിൽപ്പെടുത്തി അപാകത പരിഹരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് (നം.4/05.09.24) മറുപടി നൽകി.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും [1,30,14,868/- രൂപ] പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും [24,23,199/-രൂപ] തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിഷയം ഐ.കെ.എം.ന്റെ ശ്രദ്ധയിൽപ്പെടുത്തി അപാകത പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.4/05.09.24) മറുപടി നൽകി.

### 1-1-3 തുകയുടെ കൃത്യത വിശദീകരിച്ചില്ല

വാർഷിക കണക്കിൽ B7 ഷെഡ്യൂൾ പ്രകാരം Other Deposits ശീർഷകകത്തിൽ 51,452/-രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. വ്യക്തിഗത കക്കൂസ് നിർമ്മാണവുമായി ബന്ധപ്പെട്ട് 2016-17 ൽ നൽകിയ തുകയാണ് ഇതെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (നം.4/15.09.24) മറുപടി നൽകിയത്. സാംഖ്യയിൽ നിന്നും ലഭ്യമായ ഈ വിവരത്തിന്റെ ആധികാരികത തെളിയ്ക്കുന്ന വിവരങ്ങൾ ഹാജരാക്കിയില്ല. തുകയുടെ കൃത്യത പരിശോധിച്ച് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-1-4 സഞ്ചയയിൽ നിന്നുള്ള ഡി.സി.ബി റിപ്പോർട്ട് - വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല**

വാർഷികകണക്ക്, സഞ്ചയ ഡിസിബി സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം വസ്തുനികുതി (Arrear & Current) കിട്ടാനുള്ള തുക പൊരുത്തപ്പെടുന്നില്ല. റവന്യൂ റിക്കവറി ഇനത്തിലെ തുകകളാണ് വ്യത്യാസത്തിന് കാരണമെന്നും ആർ ആർ നടപടികൾ പൂർത്തിയാക്കി വ്യത്യാസം പരിഹരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചു. വ്യത്യാസം പരിഹരിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

**1-1-5 രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല**

1) നിർവ്വഹണ ഏജൻസികളിൽ മുൻകൂറായി ഡെപ്പോസിറ്റ് ചെയ്ത തുക, ചെലവഴിച്ചത്, ലഭിക്കാനുള്ളത് ഉൾപ്പെടെ വിവരം രേഖപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
2) വാർഷികകണക്ക് പ്രകാരമുള്ള ഇൻവെസ്റ്റ്മെന്റുകളുടെ വിവരം രേഖപ്പെടുത്തി ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
3) ആസ്തികളുടെ വിവരം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

**1-2 ബജറ്റ്**

2023-24 വർഷത്തെ ബജറ്റ് 17.03.2023 തീയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. 16.01.2024-ലെ തീരുമാനം നം. 17(1) പ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 17,32,42,759 | 17,24,75,000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 10,64,07,240 | 10,91,64,403 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 61,92,176 |
| വരവ് | 3,83,34,405 |
| ആകെ | 4,45,26,581 |
| ചെലവ് | 3,59,11,206 |
| നീക്കിയിരിപ്പ് | 86,15,375 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | ക്യൂ ബിൽ | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|---|
| | | സ്വോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | | | | |
| വികസനഫണ്ട് പൊതുവിഭാഗം | | 12,68,181 | 99,58,819 | 1,12,27,000 | 92,06,034 | 9,76,746 | 10,44,220(ലാപ്സായി) |
| വികസനഫണ്ട് എസ്.സി.പി. | | 5,21,875 | 58,82,125 | 64,04,000 | 53,66,721 | 1,08,106 | 9,29,173(ലാപ്സായി) |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് ബാങ്ക് | 16,78,857 | | 13,94,500 | 30,73,357 | 14,58,470 | | 16,14,887 (നീക്കിയിരുപ്പ്) |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് ബാങ്ക് | 3,82,810 | | 18,59,000 + 74,395 (പലിശ) | 23,16,205 | 92,12,69 | | 1394936 (നീക്കിയിരുപ്പ്) |
| സംരക്ഷണഗ്രാന്റ് റോഡ് | | | 41,74,000 | 41,74,000 | 41,74,000 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | | 30,12,600 | 30,12,600 | 30,12,072 | 0 | 528 (ലാപ്സായി) |

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 126 | 16,75,89,026 | 105 | 3,14,48,377 | 5 | 16 | 83% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5,74,356 | 14,66,161 | 20,40,517 | 20,40,517 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 4,00,33,729 | 4,00,33,729 | 4,00,33,729 | 0 |
| ആകെ | 5,74,356 | 4,14,99,890 | 4,20,74,246 | 4,20,74,246 | 0 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10,800 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 64,30,600 | 659 |
| വിധവാപെൻഷൻ | 51,44,100 | 533 |
| വാർദ്ധക്യകാലപെൻഷൻ | 1,17,17,100 | 1208 |
| വികലാംഗപെൻഷൻ | 20,88,400 | 200 |
| അവിവാഹിതപെൻഷൻ | 2,77,800 | 26 |

## 1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.09.24 തീയതിയിൽ 03:43 P.M സമയത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,135/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട ചുവടെ ചേർത്തിട്ടുള്ള പോരായ്മകൾ പരിഹരിച്ച് അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) 01.04.23 മുതൽ നടപ്പിലാക്കിയ വസ്തുനികുതി പരിഷ്ക്കരണം പഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ പ്രാവർത്തികമാക്കിയിട്ടില്ല.

2) പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ ബില്ലിന്റെ വിശദാംശങ്ങൾ, വാറന്റി വിവരങ്ങൾ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

3) തനത് വരുമാനം തുലോം പരിമിതമായ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന മാർഗ്ഗങ്ങളുടെ സാധ്യത ആരായുന്നില്ല.
4) പദ്ധതി പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഭൂരിപക്ഷം ഫയലുകളിലും സൂക്ഷിക്കുന്നില്ല.
5) കാർഷിക പദ്ധതികളുടെ നടത്തിപ്പിൽ ആവശ്യമായ മോണിട്ടറിംഗ് നടത്തുന്നില്ല. ചെലവുകളുടെ സാധുത പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

## 1-10 ഫണ്ട് വിനിയോഗം സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിന്റെ സുലേഖയിൽ നിന്നുള്ള ചെലവ് പത്രിക പ്രകാരം 2023-24 വർഷം വിവിധ ഫണ്ടുകളിൽ നിന്നും വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെയും അവയിൽ നിന്നുള്ള ചെലവിന്റെയും, വിനിയോഗിക്കപ്പെടാതെ നഷ്ടപ്പെട്ട തുകയുടെയും അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി തീർന്ന തുകയുടെയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിനം | ആകെ അടങ്കൽ | ലഭിച്ച തുക | ആകെ ചെലവഴിച്ച തുക | ചെലവ് ശതമാനം (ലഭിച്ച തുകയുടെ അടിസ്ഥാനത്തിൽ) | വിനിയോഗിക്കപ്പെടാതെ നഷ്ടമായ തുക | വിനിയോഗിക്കപ്പെടാതെ നഷ്ടമായതിന്റെ % |
|---|---|---|---|---|---|---|---|
| 1. | വികസന ഫണ്ട് (പൊതു വിഭാഗം) | 1,09,69,352 | 99,58,819 | 92,06,034 | 92.44 | 7,52,785 | 7.56 |
| 2. | വികസന ഫണ്ട് (എസ്‌സിപി) | 63,04,000 | 58,82,125 | 53,66,721 | 91.23 | 5,15,404 | 8.77 |
| 3. | ധനകാര്യ കമ്മീഷൻ അവാർഡ് | 59,66,307 | 32,53,500 | 23,24,000 | 71.43 | 9,29,500 | 28.57 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4. | കേന്ദ്രാവിഷ്കൃത ഫണ്ട് (SBM) | 57,40,760 | 15,48,880 | 15,48,880 | 100 | 0 | 0 |
| 5. | മെയിന്റനൻസ് ഗ്രാന്റ് (R) | 67,21,783 | 41,74,000 | 41,74,000 | 100 | 0 | 0 |
| 6. | മെയിന്റനൻസ് ഗ്രാന്റ് (NR) | 52,80,443 | 30,12,600 | 30,12,072 | 99.98 | 528 | 0.02 |

മേൽ വിവരങ്ങൾ പരിശോധിച്ചാൽ ധനകാര്യ കമ്മീഷൻ അവാർഡ് ഒഴികെ മറ്റിനം ഫണ്ടുകളെല്ലാം തന്നെ 90 % ന് മേൽ ചെലവഴിക്കപ്പെട്ടിട്ടുണ്ട് എന്ന് കാണാം. ധനകാര്യ കമ്മീഷൻ അവാർഡിന്റെ ചെലവിൽ മാത്രമാണ് ഗണ്യമായ കുറവ് വന്നിട്ടുള്ളത്. തദ്ദേശ സ്ഥാപനാതിർത്തിയിലുള്ള ജനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിക്കപ്പെട്ട തുകയിൽ ധനകാര്യ കമ്മീഷൻ അവാർഡിന്റെ ചെലവിൽ ഇപ്രകാരം കുറവുണ്ടായത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/10.09.24)മറുപടി ലഭ്യമാക്കിയിട്ടില്ല. ജനങ്ങളുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമിട്ട് ആവിഷ്ക്കരിക്കുന്ന പദ്ധതികൾക്കായി അനുവദിക്കപ്പെടുന്ന തുക തൻവർഷം തന്നെ പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

### 1-11 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം -ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കിയില്ല

സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണോദ്യോഗസ്ഥയായി 2023-24 വർഷം നടപ്പാക്കിയ പ്രോജക്ട് നം. 45/24, മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം വിതരണം ചെയ്യൽ എസ്.സി, പ്രോജക്ട് നം. 50/23- മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം വിതരണം ചെയ്യൽ (എസ്.സി.പി) എന്നീ പദ്ധതികൾക്കായി ഒരു കുട്ടിയ്ക്ക് 4,387 രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടുകൾ നടപ്പാക്കിയപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്കൂൾ അധികൃതരിൽ നിന്നും ലഭിയ്ക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ ഇപ്രകാരം ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല.

1)പ്രോജക്ട് നം – എസ്0045/23

പ്രോജക്ടിന്റെ പേര്- മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം(എസ്.സി)

അടങ്കൽ തുക- 1,28,700/-(വികസനഫണ്ട്)

ചെലവ് -70,191/ -(ബിൽ നം. 183 /22/01/24

ഇൻവോയിസ് നം - ALPY/23-24/101 /14-12-23(സിഡ്കോ, ആലപ്പുഴ)

| ക്രമ നം. | പേര്, വിലാസം | വാർഡ് നം. | നൽകിയ തുക |
|---|---|---|---|
| 1 | സജീവ് കുമാർ കെ., മുണ്ടാറ്റിങ്കൽ | 12 | 4,387 |
| 2 | റിച്ചാർഡ് ലോപ്പസ്,2), രജനിവിലാസം | 3 | 4,387 |
| 3 | നൗഷാദ് എ., തോട്ടുമാലിൽ | 3 | 4,387 |
| 4 | സജിത്ത് കുമാർ, പുത്തൻതുരുത്തേൽ | 3 | 4,387 |
| 5 | സന്തോഷ് കെ., മുണ്ടാറ്റിങ്കൽ | 3 | 4,387 |
| 6 | മധു, പടിഞ്ഞാറെ പോച്ച, പുതവൽ | 2 | 4,387 |
| 7 | ജോയി ജോസ്, ഇല്ലത്തുപറമ്പിൽ | 1 | 4,387 |
| 8 | റോബിൻ ലൂയിസ്, നടുവിലേ വീട്ടിൽ | 1 | 4,387 |
| | ആകെ | | 35,096 |

2) പ്രോജക്ട് നം – എസ്0050/23

പ്രോജക്ടിന്റെ പേര്- മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം(എസ്.സി.പി)

അടങ്കൽ തുക- 40,950/-(വികസനഫണ്ട്.എസ്.സി.പി)

ചെലവ് -17,548/ -(ബിൽ നം., 183 /22/01/24

ഇൻവോയിസ് നം - SMC ALPY/23-24/148 /05-02-24(സിഡ്കോ, ആലപ്പുഴ)

| ക്രമ നം. | പേര്, വിലാസം | വാർഡ് നം. | നൽകിയ തുക |
|---|---|---|---|
| 1 | അനിൽകുമാർ, വാണിയക്കേരിൽ | 1 | 4,387 |
| 2 | ശ്രീകുമാർ, പുത്തൻതുരുത്തേൽ | 3 | 4,387 |
| 3 | അനീഷ്കുമാർ, കോട്ടയ്ക്കകത്ത് | 3 | 4,387 |
| 4 | രഘു, രഹനാവിലാസം | 3 | 4,387 |
| ആകെ | | | 17,548 |

16.01.24 ൽ നടന്ന പഞ്ചായത്ത് കമ്മിറ്റിയുടെ 2/4-ാം നം. തീരുമാനപ്രകാരം മേൽ ഗുണഭോക്താക്കളെ അഡീഷണൽ ലിസ്റ്റ് ആയി അംഗീകരച്ചിട്ടുണ്ടെങ്കിലും അടുത്ത ഗ്രാമസഭയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയതായി കാണുന്നില്ല.

3) കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3,3എ),3ബി പ്രകാരം ഗ്രാമസഭയുടെ അധികാരങ്ങളും അവകാശങ്ങളും സെക്ഷൻ3എ) (സി) പ്രകാരം ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളിൽ നിശ്ചയിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി പഞ്ചായത്തിന് നൽകുക എന്നതാണ്. മാത്രമല്ല സെക്ഷൻ 3(9) പ്രകാരം അപേക്ഷകരുടെ കരട് മുൻഗണനാ ലിസ്റ്റ് അപേക്ഷകരെ കൂടി ക്ഷണിച്ചുകൊണ്ടുള്ള യോഗത്തിൽ വെച്ച് ഗ്രാമസഭ സുക്ഷ്മ പരിശോധന നടത്തേണ്ടതും, മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന് അയയ്ക്കേണ്ടതുമാണ്. ഇങ്ങനെ അന്തിമമായി തയ്യാറാക്കി നൽകുന്ന ലിസ്റ്റിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/09.09.24 ന് നൽകിയ മറുപടിയിൽ മേൽ പദ്ധതികളിലെ ഗുണഭോക്താക്കളെ ഗ്രാമസഭയിൽ വെച്ച് അംഗീകരിയ്ക്കാനുള്ള നടപടികൾ ചെയ്തിട്ടുള്ളതാണെന്നും എന്നാൽ ചെറുതന ഗ്രാമപഞ്ചായത്തിൽ 16.01.24 ന് ശേഷം ഗ്രാമസഭകൾ ആരംഭിച്ചു തുടങ്ങിയത് 11.09.24 ൽ മാത്രമാണെന്നും ഗ്രാമസഭകളിൽ ലിസ്റ്റ് അംഗീകരിയ്ക്കുന്ന മുറയ്ക്ക് തീരുമാനത്തിന്റെ പകർപ്പ് ഓഡിറ്റിൽ സമർപ്പിയ്ക്കുന്നതാണെന്നുമാണ് അറിയിച്ചിരിയ്ക്കുന്നത്. ഗ്രാമസഭയുടെ അംഗീകാരം ലഭ്യമായ രേഖകൾ ഹാജരാക്കുന്നത് വരെ മേൽ പദ്ധതികൾക്കായി ചെലവഴിച്ച (പ്രോജക്ട് നം. 45/23. 35096/ -പ്രോജക്ട് നം. 50/23/17,548/-) 52,644/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-12 സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

1. സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ

പ്രോജക്ട് നം. S0169/24

ഫണ്ട് - വികസനഫണ്ട് (ജനറൽ)

അടങ്കൽ - 18,800/-

ചെലവ് - 18,800/- (ബിൽ നം.56/26.03.24)

കരുവാറ്റ ഇലക്ട്രിക്കൽ സെക്ഷന്റെ 29.01.24 ലെ ഡിബി/എഇ/നവകേരളസദസ്സ്/ 2023-24/369 നം. എസ്റ്റിമേറ്റ് പ്രകാരം പതിമൂന്നാം വാർഡിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷനായാണ് 18,800/-രൂപ കെ.എസ്.ഇ.ബി. യിൽ ഡെപ്പോസിറ്റ് ചെയ്തത്. പ്രവൃത്തി പൂർത്തിയാക്കി ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

2. റോഡ് വികസനത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

പ്രോജക്ട് നം, S0093/24

ഫണ്ട് - വികസനഫണ്ട് (ജനറൽ)

അടങ്കൽ - 50,000/-

ചെലവ് - 18,480/- (9845/- ബിൽ നം.43/20.01.24: 8635/- ബിൽ നം.39/04.01.24)

അഞ്ചാം വാർഡിൽ കാക്കകോടിക്കൽ -പടനിലത്ത് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കലിനായി കരുവാറ്റ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 27.12.22 ലെ ഡിബി/5525/എഇ- കെവിറ്റിഎ /2023-24/334 നം. എസ്റ്റിമേറ്റ് പ്രകാരം 9,845/-രൂപയും ഒൻപതാം വാർഡിൽ നെടുമ്പള്ളിൽ -പുത്തൻപുരക്കൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കലിനായി മേൽ നമ്പർ എസ്റ്റിമേറ്റ്

പ്രകാരം 8,635/-രൂപയും കെഎസ്ഇബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടി പ്രവൃത്തികൾ പൂർത്തിയാക്കി ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.09/09.09.24) മറുപടി നൽകിയില്ല. വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ രണ്ടു പദ്ധതികളിലായി ചെലവഴിച്ച 37,280/-രൂപ തടസ്സപ്പെടുത്തുന്നു.

**1-13 സോളാർ പാനൽ ഇൻസ്റ്റലേഷൻ-അപാകതകൾ**

പ്രോജക്ട് നം -എസ് 0080/24

പ്രോജക്ടിന്റെ പേര്- ചെറുതന കുടുംബാരോഗ്യകേന്ദ്രത്തിലേയ്ക്ക് സോളാർ പാനൽ

അടങ്കൽ തുക-10,00,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ഇൻവോയിസ് നം. 56/01.03.24- 994999

ട്രഷറി ബിൽ നം. 252/20.03.24 -497499

കുടുംബാരോഗ്യകേന്ദ്രത്തിലേയ്ക്ക് സോളാർ പാനൽ എന്ന പദ്ധതി നടപ്പാക്കിയതിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ടി പദ്ധതിയുടെ ടെണ്ടർ നടപടികളിൽ പങ്കെടുത്തത് 3 സ്ഥാപനങ്ങളാണ്. ഇതിൽ കെൽട്രോണിന്റെ പേരിലാണ് ടെണ്ടർ നടപടി ഉറപ്പിച്ചിരിയ്ക്കുന്നത്. കുറഞ്ഞതുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ അല്ല അംഗീകരിച്ചിട്ടുള്ളത്.

| സ്ഥാപനത്തിന്റെ പേര് | ഐറ്റം | ക്വാട്ട് ചെയ്ത തുക |
|---|---|---|
| അനർട്ട്, ആലപ്പുഴ | സോളാർ പാനൽ 10 Kw | 9,94,952 |
| കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് മെൻ &റീ ഹാബിലിറ്റേഷൻ സെന്റർ, തിരുവനന്തപുരം | സോളാർ പാനൽ 15 Kw, 15KW ഗ്രിഡ്&ടൈ, ഇൻവെർട്ടർ | 9,69,654 |
| കെൽട്രോൺ, കോഴിക്കോട് | സോളാർ പാനൽ 12 Kw, ഇൻവെർട്ടർ & ബാറ്ററി 300 AH | 9,94,999 |

1) മേൽ പട്ടിക പ്രകാരം 15 Kw സോളാർ പാനലും, ഗ്രിഡ് &ടൈ ഇൻവെർട്ടറും 9,69,654 രൂപയ്ക്ക് നൽകാൻ കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് മെൻ &റീ ഹാബിലിറ്റേഷൻ സെന്റർ, തിരുവനന്തപുരം തയ്യാറായിട്ടും എന്തു കൊണ്ടാണ് അവർക്ക് ക്വട്ടേഷൻ ഉറപ്പിച്ച് നൽകാഞ്ഞത് എന്നത് വ്യക്തമല്ല. കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന് ടെണ്ടർ നൽകാതെ കൂടുതൽ തുക കോട്ട് ചെയ്ത സ്ഥാപനത്തിനാണ് ടെണ്ടർ നല്കിയിരിയിക്കുന്നത്.

2) മേൽ സ്പെസിഫിക്കേഷനോട് കൂടിയ സോളാർ പാനൽ സിസ്റ്റത്തിന്റെ ആവശ്യകത നിർണ്ണയിച്ചതു് എങ്ങനെയെന്ന് വ്യക്തമല്ല.

3) മേൽ സോളാർ പാനലുകൾ സ്ഥാപത്തിൽ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ. ഇല്ലെങ്കിൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ എത്ര മാത്രം പുരോഗമിച്ചിട്ടുണ്ടെന്നുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.08/06.09.23 ന് മറുപടി ലഭ്യമാക്കിയില്ല. സോളാർ പാനൽ സിസ്റ്റം ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തന വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുന്നത് വരെയും ടി പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 4,97,499/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് നടപ്പാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

**1-14 നെൽ വിത്ത് വിതരണം- ബില്ലുകളും -സ്റ്റോക്ക് രജിസ്റ്ററും-വിതരണരേഖകളുമായി പൊരുത്തപ്പെടുന്നില്ല**

പ്രോജക്ട് നം - എസ്0038/23-24

പ്രോജക്ടിന്റെ പേര് - നെൽകൃഷി വികസനം സബ്സിഡി(ജനറൽ)

അടങ്കൽ തുക -10,00,000(വികസന ഫണ്ട്)

ബിൽ നം. 125/05.12.23 4,20,840/-

ബിൽ നം.129/05.12.23 -18,460/-

ബിൽ നം.128/05.12.23 -4,20,840/-

ബിൽ നം.124/05.12.23-1,39,860/-

(കേരള സ്റ്റേറ്റ് വിത്ത് വിതരണ അതോറിറ്റി

ഇൻവോയിസ് നം. 656/23-24/13.10.23 - 10020 കിലോ

657/23-24/13.10.23- 10020 കിലോ

655/23-24/13.10.23- 10020 കിലോ

830/23-24/14.11.23 3330 കിലോ

മേൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റിയിൽ നിന്നും മേൽ ബില്ലുകൾ പ്രകാരം 33,390/- കിലോ നെൽ വിത്ത് @ 42 രൂപയ്ക്ക് വാങ്ങി താഴെ പറയുന്ന പാടശേഖരങ്ങൾക്ക് വിതരണംചെയ്തിട്ടുണ്ട്.

| ക്രമ നം. | പാടശേഖരത്തിന്റെ പേര് | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത നെൽവിത്ത് കി.ഗ്രാം |
|---|---|---|
| 1 | തേവേരി തണ്ടപ്ര | 15720 |
| 2 | പടിഞ്ഞാറെ പോച്ച | 5700 |
| 3 | പാണ്ടി കിഴക്ക് | 1230 |
| 4 | വേളൂർ | 930 |
| 5 | വല്ലി വള്ളം | 1260 |
| 6 | പാലത്തിങ്കൽ | 1200 |
| 7 | മടയനാരി | 6720 |
| 8 | നാരായണൻചിറ | 870 |
| 9 | കല്ലുങ്കൽ | 930 |
| 10 | മുറിയോടി | 600 |
| 11 | അമ്പക്കാട് പോച്ച | 600 |
| 12 | പോച്ച 400 | 1470 |
| 13 | നടുവിലേ പോച്ച വടക്ക് | 3690 |
| 14 | നടുവിലേ പോച്ച തെക്ക് | 2610 |
| 15 | പാലേലിരി കിഴക്ക് | 1290 |
| 16 | കിഴക്കേ പോച്ച തെക്ക് | 5610 |
| 17 | പോത്തനോടി | 1590 |
| 18 | കോഴികുഴി | 1380 |
| 19 | പാണ്ടി വടക്ക് | 930 |
| 20 | ചെറുതുരുത്ത് | 2100 |
| 21 | ഒറ്റവേലി | 1200 |
| 22 | കിഴക്കേപോച്ച വടക്ക് | 3600 |
| 23 | കോതേരി പേരിക്കോട്ടേരി | 3600 |
| 24 | ഒറ്റവേലി | 1200 |
| | ആകെ | 66030 |

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം (പേജ് നം. 65,66,67)66030 കിലോ ഗ്രാം വിത്തുകൾ പാടശേഖരങ്ങൾക്ക് നൽകിയതായി കാണുന്നു. എന്നാൽ ബിൽ പ്രകാരം 33390 കി.ഗ്രാം വിത്തേ ലഭ്യമായിട്ടുള്ളു. 33390 കി.ഗ്രാം വിത്ത് ലഭ്യമായപ്പോൾ എങ്ങനെയാണ് 63699 കി.ഗ്രാം വിത്ത് വിതരണം ചെയ്തതെന്ന് വ്യക്തമല്ല

2) സ്റ്റോക്ക് /വിതരണ രജിസ്റ്ററിലെ വിതരണ രേഖകളും, പാടശേഖര സമിതി ഹാജരാക്കിയ ഗുണഭോക്താക്കളുടെ കൈപ്പറ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/11.09.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണരേഖകളും കൈപ്പറ്റ് രേഖകളും കൃത്യമാക്കി ഓഡിറ്റിൽ ഹാജരാക്കുന്നത് വരെയും മേൽ പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 10,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-15 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - തുക അധികം അനുവദിച്ചു**

നിർവ്വഹണ ഉദ്യോഗസ്ഥ – വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ
പ്രോജക്ട് നം.S0118/24

ഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്)
ചെലവ് - 81,240/- (ബിൽ നം.336/27.03.2024)

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യശേഖരണം ഡിജിറ്റലൈസ് ചെയ്യുന്നതിന് വീടുകളിലും സ്ഥാപനങ്ങളിലും ക്യൂ ആർ കോഡ് പതിപ്പിക്കുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. ജി.ഒ.(എം.എസ്.) നം.2341/2022/LSGD/26.09.22 ഉത്തരവിലെ ഖ.8 ധനകാര്യ വിശകലനത്തിൽ ഗ്രാമ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു വീട്/ഒരു സ്ഥാപനത്തിന് ക്യൂ ആർ കോഡ് പതിപ്പിക്കുന്നതിന് 15/-രൂപയിൽ കുറയാത്ത നിരക്കിൽ പദ്ധതി തുക വകയിരുത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ചെറുതന ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്തും ഗതാഗതസൌകര്യത്തിലെ കുറവുകൾ പരിഗണിച്ചും 26.02.24ലെ 3/3നം തീരുമാനപ്രകാരം ഒരു വീട്/ഒരു സ്ഥാപനത്തിന് ക്യൂ ആർ കോഡ് പതിപ്പിക്കുന്നതിന് 20/-രൂപ പ്രതിഫലം നിശ്ചയിച്ച് ടി നിരക്കിലാണ് 4062 എണ്ണം വീട്/സ്ഥാപനത്തിന് (4062 X20 = 81240/-) തുക അനുവദിച്ചത്. ഉയർന്ന നിരക്ക് അനുവദിച്ചത് കാരണം 20,310/- രൂപ [(4062 X20 = 81240 ) -(4062 X15 =60930)] ഇതിനായി അധികം ചെലവഴിച്ചു.
സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ഉയർന്നനിരക്ക് അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/10.09.24) വാഹനസൌകര്യമില്ലാത്തതിനാൽ പല വാർഡുകളിലും വളരെ ദൂരം കാൽനടയായി പോകേണ്ടതിനാലും ഉത്തരവ് പ്രകാരമുള്ള പതിനഞ്ച് രൂപക്ക് ടി പ്രവൃത്തി ചെയ്യുവാൻ ആരും തയ്യാറാകാത്തതിനാലും ആണ് പഞ്ചായത്ത് കമ്മിറ്റി ഇപ്രകാരം തീരുമാനമെടുത്ത് ഉയർന്ന തുക നൽകിയതെന്ന് അറിയിച്ചു. കൂടാതെ ഉത്തരവിൽ 15/-രൂപയിൽ കുറയാത്ത തുക എന്നാണ് ,പരമാവധി 15/-രൂപ എന്ന് നിർദ്ദേശമില്ലായിരുന്നുവെന്നും അറിയിച്ചു. 15/-രൂപയിൽ കുറയാത്ത നിരക്കിൽ തുക നൽകാൻ മാത്രമാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്നതിനാലും തദ്ദേശസ്ഥാപനത്തിന്റെ ഭൂപ്രകൃതി ഉൾപ്പെടെയുള്ള ഘടകങ്ങൾ പരിഗണിച്ച് സ്ഥാപനത്തിന് പരമാവധി തുക നിശ്ചയിക്കാമെന്ന് ഉത്തരവിൽ പ്രത്യേക വ്യവസ്ഥ ഇല്ലാത്തതിനാലും പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. അധികമായി അനുവദിച്ച 20,310/- രൂപ 26.02.24-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16 പി.എച്ച്.സി മരുന്നുകൾ ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പി.എച്ച്.സിയ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 7,00,000/- രൂപ കേരള മെഡിയ്ക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേയ്ക്ക ഇൻവോയ്സ് നമ്പർ പി.ആർ.എഫ് 449/26.06.23 പ്രകാരം അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0073/24 |
| പ്രോജക്ട് | ചെറുതന കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | 7,00,000(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ഇൻവോയ്സ് നമ്പർ | പി.ആർ.എഫ് 449/26-06-23 |
| ചെലവ് | 7,00,000/-<br>ബിൽ നമ്പർ 25/05.07.23 |

ടി തുക പൂർണ്ണമായും കേരള മെഡിയ്ക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. എന്നാൽ ഇതു വരെയും 5,83,258/-രൂപയു'ടെ മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളു. വിശദവിവരങ്ങൾ ചുവടെ

| ക്രമ നം. | ഇൻവോയിസ് നം. | ബിൽ തുക |
|---|---|---|
| 1 | 33045/01.08.24 | 1,599 |
| 2 | 15536/22.06.24 | 42,798 |
| 3 | 7739/28.05.24 | 1,433 |
| 4 | 5422/14.05.24 | 1,72,763 |
| 5 | 857/05.4.24 | 14,007 |
| 6 | 29744/08.03.24 | 37,016 |
| 7 | 28444/28.02.24 | 896 |
| 8 | 25569/27.01.24 | 72,800 |
| 9 | 24318/05.01.24 | 18,816 |
| 10 | 20844/17.11.23 | 4,332 |

| | | |
|---|---|---|
| 11 | 18979/04.10.23 | 843 |
| 12 | 18571/23.09.23 | 9,184 |
| 13 | 18036/19.09.23 | 15,456 |
| 14 | 17284/01.09.23 | 14,246 |
| 15 | 16875/22.08.23 | 6,142 |
| 16 | 16448/19.08.23 | 1,28,115 |
| 17 | 14813/31.07.23 | 42,812 |
| ആകെ | | 5,83,258 |

1,16,742/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. ഇവ ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.07/06.09.24 ന് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നത് വരെയും ടി പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 1,16,742/- രൂപയുടെ ;ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല

അസി. സെക്രട്ടറി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതിയിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. S0018/24

ഫണ്ട് - വികസനഫണ്ട് (എസ് സി പി)

അടങ്കൽ - 4,00,000/-

ചെലവ് - 2,90,000/-

സഞ്ചനസന്തോഷ് C/o ഷിജി സന്തോഷ്, അനിഘ പി. C/o ചെല്ലപ്പൻ എന്നീ വിദ്യാർത്ഥികൾക്കാണ് പഠനമുറിക്ക് ധനസഹായം നൽകിയത്.

1. തുക അനുവദിച്ചതിന് ആസ്പദമായ രേഖകൾ ഹാജരാക്കിയില്ല.
ജി.ഒ.(എം.എസ്.) നം. 115/2022/തസ്വഭവ /28.05.22 ഉത്തരവ്, ആയതിന്റെ ഖ.7.2.13 ന് ഭേദഗതി നിർദ്ദേശിച്ചുള്ള ജി.ഒ.(എം.എസ്.) നം. 738/2023/തസ്വഭവ /28.03.23 ഉത്തരവ് എന്നിവ പ്രകാരം 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത നിലവിലുള്ള വീടിനോട് ചേർന്ന് 120 ചതുരശ്ര അടി വിസ്തൃതിയിലാണ് പഠനമുറി നിർമ്മിക്കേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ടി രണ്ട് ഗുണഭോക്താക്കളുടെയും നിലവിലുള്ള വീടിന്റെ വിസ്തൃതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഫയലിൽ ലഭ്യമല്ല. അസസ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള വീട്ട് നമ്പർ ഉൾപ്പെടെ യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. സഞ്ചന സന്തോഷ് C/o ഷിജി സന്തോഷ്, എന്ന ഗുണഭോക്താവിന് നിർമ്മാണം പൂർത്തിയാക്കിയത് പ്രകാരം 2,00,000/-രൂപ അനുവദിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ 15.03.24-ലെ ഫൈനൽ വാല്യുവേഷൻ പ്രകാരം പഠനമുറിക്ക് 2,70,000/-രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടങ്കിലും പൂർത്തിയാക്കിയ പഠനമുറിയുടെ ഏരിയയും കാണിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.10/09.09.24 ന് നൽകിയ മറുപടിയിൽ, ടി അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചുവെങ്കിലും ആയത് ഹാജരാക്കിയില്ല.
2. പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കിയില്ല.
അനിഘ പി. C/o ചെല്ലപ്പൻ എന്ന ഗുണഭോക്താവ് 90,000/-രൂപ കൈപ്പറ്റിയിട്ടുണ്ട്. നിലവിൽ ഗുണഭോക്താവ് പഠനമുറി നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/09.09.24) ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും അവസാന ഗഡു അനുവദിച്ചില്ല എന്നും മറുപടി നൽകി. ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണം പൂർത്തിയാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.
ടി അപാകതകൾ കാരണം പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 2,90,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവിന്റെ വിവരം.

| ഗുണഭോക്താവിന്റെ പേര് | ബിൽ നം., തീയതി | തുക |
|---|---|---|
| സഞ്ചനസന്തോഷ് C/o ഷിജി സന്തോഷ് | 5/15.12.23 | 30,000/- |
| | 8/27.01.24 | 60,000/- |
| | 9/20.02.24 | 80,000/- |
| | 15/26.03.24 | 30,000/- |
| അനിഘ പി. C/o ചെല്ലപ്പൻ | 8/27.01.24 | 30,000/- |
| | 11/24.02.24 | 60,000/- |

## 1-18 പച്ചക്കറി കൃഷി - പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധേയമായ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | എസ്0041/23-24 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും |
| അടങ്കൽ തുക | 4,75,500 |
| ഗുണഭോക്തൃവിഹിതം | 1,58,500 |
| ആകെ അടങ്കൽ | 6,34,000 |
| ചെലവ് | |
| ബിൽ നം.106/25.11.23 | 99,600 |
| ബിൽ നം. 108/25.11.23 | 80,000 |
| ബിൽ നം.107/25.22.23 | 95,000 |
| ബിൽ നം.323/25.03.24 | 1,12,500 |
| ബിൽ നം.341/27.03.24 | 46,000 |
| ആകെ | 4,33,100 |
| ഇൻവോയിസ് നം. | V-684A/23-24/25.11.23 കെയ്കോ |
| | V-685A23-24/25.11.23 |
| | V-682A23-24/24.11.23 |

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു

ഇൻവോയിസുകൾ പ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച 1373 (498+400+475=1373) ചട്ടികളും തൈകളുമാണ് ലഭ്യമായത് (ചട്ടികളുടെ സൈസ് ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടില്ല). ഒരു ചട്ടിയ്ക്ക് 200 രൂപ നിരക്കിൽ 1373 ചട്ടികളുടെ ആകെ വില എന്നത് 2,74,600/- രൂപയാണ്. ഇതാണ് കെയ്ക്കോയ്ക് നൽകാവുന്നത് എന്നാൽ ഇതിന് പകരം കെയ്ക്കോയ്ക്ക് നൽകിയ തുക എന്നത് 4,33,100/- രൂപയാണ്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബിൽ തുകയുടെ 75% സബ്സിഡിയാണ് നൽകാവുന്നത്. ഇപ്രകാരം 274600 ന്റെ 75%= 2,05,950 രൂപയേ വികസനഫണ്ടിൽ നിന്നും നൽകാവൂ. എന്നാൽ മേൽ രേഖപ്പെടുത്തിയ ബില്ലുകൾ പ്രകാരം വികസന ഫണ്ടിൽ നിന്നും നൽകിയിരിയ്ക്കുന്ന തുക 2,74,600 രൂപയാണ്. 68,650/- രൂപ അധികമാണ് വികസനഫണ്ടിൽ നിന്നും നൽകിയിരിയ്ക്കുന്നത് (274600-205950 = 68650). 68,650/- രൂപ മാത്രം ഗുണഭോക്തൃവിഹിതമായി പിരിച്ചെടുക്കേണ്ടിയിരുന്നപ്പോൾ, 89850/-രൂപ അധികമായി പിരിച്ചെടുത്ത് ആകെ 1,58,500/- രൂപ കെയ്ക്കോയ്ക്ക് അധികമായി ചുവടെ ചേർക്കും പ്രകാരം നൽകിയിട്ടുണ്ട്.

ആകെ ബിൽ തുക പ്രകാരം കെയ്കോയക്ക് നൽകേണ്ട തുക = 2,74,600

ഗുണഭോക്തൃവിഹിതം പിരിച്ചത് - 1,58,500

കെയ്കോയ്ക്ക് നൽകിയ തുക - 4,33,100

അധികമായി നൽകിയ തുക – (433100-274600) 1,58,500/-

മാത്രമല്ല സ്റ്റോക്ക് രജിസ്റ്ററിലെയും വിതരണ രജിസ്റ്ററിലെയും രേഖപ്പെടുത്തലുകൾ തമ്മിൽ പൊരുത്തപ്പെടുന്നുമില്ല. വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയ എല്ലാ ഗുണഭോക്താക്കളുടെ പേരിന് നേരേയും വിതരണം ചെയ്ത ചട്ടികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ എത്ര ചട്ടി വിതരണം ചെയ്തു എന്നതിന്റെ ആധികാരികത പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല

കെയ്ക്കോയ്ക്ക് അധികമായി 1,58,500/- രൂപ നൽകിയതിനും, പദ്ധതിയ്ക്കാവശ്യമായതിലും അധികമായി 89,850/-രൂപ ഗുണഭോക്തൃവിഹിതമിനത്തിൽ അധികം പിരിച്ചെടുത്തത് സംബന്ധിച്ചും, മേൽ സൂചിപ്പിച്ച മറ്റ് അപാകതകൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/10.09.24 ന് മറുപടി ലഭ്യമാക്കിയില്ല.

കെയ്കോയ്ക്ക് അർഹമായതിലും അധികമായി നൽകിയ 1,58,500/- രൂപയുടെ ചെലവ് നിരാകരിയ്ക്കുന്നു. സ്റ്റോക്ക്, വിതരണ രേഖകൾ കൃത്യമാക്കി ഓഡിറ്റിൽ ലഭ്യമാക്കാത്തതിനാലും, മേൽ സൂചിപ്പിച്ച മറ്റ് അപാകതകളുടെ വെളിച്ചത്തിലും, മേൽ നിരാകരിച്ച 1,58,500/- രൂപ കിഴിച്ച് ബാക്കിയുള്ള 2,74,600/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അധികമായി കെയ്കോയ്ക്ക് നൽകിയ 1,58,500/- രൂപ അവരിൽ നിന്നും തിരികെ ഈടാക്കി, വികസനഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 68,650/- തിരിച്ചടച്ചും, അധികം പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം തുക ഒടുക്കിയ ഗുണഭോക്താക്കൾക്ക് തിരികെ നൽകിയും രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-19 ഹരിതസഹായസ്ഥാപനത്തിന് തുക നൽകൽ -പ്രതിമാസ പ്രവർത്തന റിപ്പോർട്ട് ഹാജരാക്കിയില്ല**

നിർവ്വഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം. S0119/24

ഫണ്ട് - വികസനഫണ്ട് (ജനറൽ),

അടങ്കൽ - 1,32,000/-

ചെലവ് - 91,096/-(13/26.03.24)

ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 27.10.23-ലെ 1/8 നം. തീരുമാനപ്രകാരം ഐആർറ്റിസി യെ ഹരിതസഹായസ്ഥാപനമായി നിശ്ചയിച്ച് 01.11.23 പ്രാബല്യത്തിൽ ആറുമാസത്തേക്ക് കരാറിലേർപ്പെട്ടിട്ടുണ്ട്. ആയതിന്റെ ഭാഗമായി പ്രതിമാസം 22,774/-രൂപ നിരക്കിൽ 01.11.23 മുതൽ 29.02.24 വരെയുള്ള കാലയളവിലെ തുക അനുവദിച്ചിട്ടുണ്ട്. സ്ഥാപനം ഹരിതകർമ്മസേനക്ക് നൽകിയ സേവനങ്ങൾ, ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച അവലോകന റിപ്പോർട്ട് എന്നിവ ഉൾപ്പെടുത്തിയ പ്രതിമാസ പ്രവർത്തന റിപ്പോർട്ട്, സ്ഥാപനം ലഭ്യമാക്കിയ സേവനം സംബന്ധിച്ച ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകനം എന്നിവയൊന്നും ഫയലിൽ സൂക്ഷിച്ചിരുന്നില്ല. ഇവ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.10/09.09.24) നൽകിയതിനെ തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥ പ്രവർത്തനം സംബന്ധിച്ച അവലോകന റിപ്പോർട്ട് തയ്യാറാക്കി മറുപടിയോടോപ്പം ഹാജരാക്കി. എന്നാൽ സ്ഥാപനത്തിന്റെ മാർച്ച്, 2024-ലെ പ്രവർത്തന റിപ്പോർട്ട് മാത്രമാണ് ഹാജരാക്കിയത്. തുക അനുവദിച്ച കാലയളവിലെ പ്രവർത്തന റിപ്പോർട്ടുകളുടെ അഭാവത്തിൽ ചെലവഴിച്ച 91,096/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 പച്ചക്കറി കൃഷി എസ്.സി ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 42/23-24 |
| പ്രോജക്ടിന്റെ പേര് | പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും(എസ്.സി) |
| അടങ്കൽ തുക | 2,00,000 |
| ആകെ | 2,00,000 |
| ചെലവ് | |
| ബിൽ നം.204/31.01.24 | 45,000 |
| ആകെ | 45,000 |
| ഇൻവോയിസ് നം. | V-1487A/23-24/22.01.24 കെയ്കോ |
| | V-30A23-24/ 27.03.24 |

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു

1) ഇൻവോയിസുകൾ പ്രകാരം ആകെ 555 ചട്ടികളും തൈകളുമാണ് ലഭ്യമായത്. ഒരു ചട്ടിയ്ക്ക് 200 രൂപ നിരക്കിൽ 555 ചട്ടികളുടെ ആകെ വില= 111000

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബിൽ തുകയുടെ 75% സബ്സിഡിയാണ് നൽകാവുന്നത്

ഇപ്രകാരം 111000-ന്റെ 75%= 83,250/- രൂപയാണ് നൽകേണ്ടത്. ബാലൻസ് 27,750/- രൂപ ഗുണഭക്തൃവിഹിതമായാണ് നൽകേണ്ടത്. ഗുണഭോക്താക്കളിൽ നിന്നും ടി തുക പിരിച്ചെടുത്ത് നൽകുകയാണ് ചെയ്യേണ്ടത്. ഇപ്രകാരം ഗുണഭോക്താക്കളിൽ നിന്നും തുക പിരിച്ചെടുത്തിട്ടുണ്ടെങ്കിലും 26,250/- രൂപ മാത്രമേ പിരിച്ചെടുത്തിട്ടുള്ളൂ.(രസീത് നം.1231002003/G040907/30.03.24) ഗുണഭോക്തൃവിഹിതമിനത്തിൽ 1,500/- രൂപ കുറവായാണ് പിരിച്ചെടുത്തത്. മാത്രമല്ല ഗുണഭോക്തൃവിഹിതം കെയ്കോയ്ക്ക് നൽകിയതായും കാണുന്നില്ല. ഗുണഭോക്തൃവിഹിതം ഈടാക്കിയതിൽ കുറവ് വന്നത് സംബന്ധിച്ചും പിരിച്ച തുക കെയ്കോയ്ക്ക് നൽകാതിരുന്നത് സംബന്ധിച്ചും രേഖാമൂലം ആവശ്യപ്പെട്ടിട്ടും (എൻക്വയറി നം.18/11.9.24)വിശദീകരണം ലഭ്യമാക്കിയില്ല. സബ്സിഡി നിരക്കിന് ആനുപാതികമായി ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കാത്ത പക്ഷം ആനുപാതികമായ തുക വികസനഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

2) സുലേഖ ചെലവ് പത്രികയിൽ വികസന ഫണ്ടിൽ നിന്നുമുള്ള ചെലവ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ ഗുണഭോക്തൃവിഹിതം ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

3) സ്റ്റോക്ക് രജിസ്റ്ററും വിതരണ രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയ എല്ലാ ഗുണഭോക്താക്കളുടെ പേരിന് നേരേയും വിതരണം ചെയ്ത ചട്ടികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. ആയത് കൊണ്ട് എത്ര ചട്ടി വിതരണം ചെയ്തു എന്നതിന്റെ ആധികാരികത പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല

സ്റ്റോക്ക്, വിതരണ രേഖകൾ കൃത്യമാക്കി, കുറവായി പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം കൃത്യമാക്കുകയോ അല്ലെങ്കിൽ ആനുപാതികമായ തുക വികസനഫണ്ടിൽ തിരിച്ചടയ്ക്കുകയോ ചെയ്ത വിവരം ഓഡിറ്റിൽ ലഭ്യമാക്കുന്നത് വരെ ടി പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 45,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

2023-24 വർഷം വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ അളവുപുസ്തകം/ പ്രോജക്ട് നം. | ഈടാക്കിയ തുക | ഫണ്ടിനം. | ബിൽ നമ്പർ തിയതി |
|---|---|---|---|---|
| 1 | പള്ളിമുക്ക് ആനാരിക്കടവ് റോഡ് മെയിന്റനൻസ്-w-4&8 48588/22, 101/24 | 11,800/- | മെയിന്റനൻസ് ഗ്രാന്റ് | 16/23-24,dt.03.01.24 9,43,028/- |
| 2 | ചക്കൂരേത്ത് ജംഗ്ഷൻ കളരിക്കൽ റോഡ് പുനരുദ്ധാരണം -W-6, 43634/22, S0109/24 | 3,245/- | മെയിന്റനൻസ് ഗ്രാന്റ് | 12/23-24,dt. 17.11.23 2,87,384/- |
| 3. | ചക്കൂരേത്ത് ജംഗ്ഷൻ കണ്ണാട്ട് റോഡ് പുനരുദ്ധാരണം- W-7, 45086/22, S0112/24 | 4,691/- | മെയിന്റനൻസ് ഗ്രാന്റ് | 10/23-24,dt. 17.11.23 4,71,888/- |
| | ആകെ | 19,736/- | | |

ഈ പ്രവർത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിട്ടുള്ള തുക സെക്രട്ടറിയുടെ അക്കൌണ്ടിലേക്കാണ് ഒടുക്ക് വരുത്തിയിട്ടുള്ളത്. ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ തന്നെ തിരിച്ചടയ്ക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രവർത്തികളുടെ ബില്ലിൽ നിന്നും ടാർവീപ്പയുടെ വിലയിനത്തിൽ ഈടാക്കിയ തുക ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/06.09.24) മറുപടി ലഭ്യമാക്കിയില്ല. തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകകൾ ബന്ധപ്പെട്ട അക്കൗണ്ട് ഹെഡ്ഡിലേക്കും ജി.എസ്.ടി.യിനത്തിൽ കുറവ് ചെയ്തിട്ടുള്ള തുക പ്രസ്തുത വകുപ്പിലേക്കും ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**<u>1-22 അങ്കണവാടികളുടെ അറ്റകുറ്റപ്പണി - ടെണ്ടറിൽ ഒരേ ഇനം പ്രവൃത്തിക്ക് കരാറുരാരൻ വ്യത്യസ്ത നിരക്ക് കോട്ട് ചെയ്യുന്നു</u>**

<u>ഒരു പ്രവൃത്തിക്ക് വേണ്ടി വിളിക്കുന്ന ടെണ്ടറിൽ ഒരേ ഇനം പ്രവൃത്തിക്ക് കരാറുകാരൻ വ്യത്യസ്ത നിരക്ക് കോട്ട് ചെയ്യുന്നു</u> –

വിവിധ അങ്കണവാടികളുടെ അറ്റകുറ്റപ്പണി എന്ന ഈ പ്രവൃത്തിയിൽ പഞ്ചായത്തിലെ വിവിധ അങ്കണവാടികളുടെ നവീകരണം നടത്തിയിട്ടുണ്ട്. ഒരു പ്രോജക്ടിൽ ഉൾപ്പെട്ട, വിവിധ അങ്കണവാടികളുടെ നവീകരണം എന്ന ഈ പ്രവൃത്തിക്ക് എല്ലാം കൂടി ഒരു ടെണ്ടർ വിളിച്ച് അതിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഒരേ ടെണ്ടറിൽ പങ്കെടുത്ത് കോട്ട് ചെയ്തിട്ടുള്ള വിവിധ അങ്കണവാടികളിലെ ഒരേ ഇനം പ്രവൃത്തിക്ക് ഓരോ സെന്ററിലേക്കും കരാറുകാരൻ വ്യത്യസ്ത നിരക്ക് കോട്ട് ചെയ്തിരിക്കുന്നതായി കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സെന്റർ നം. | പ്രവൃത്തിയുടെ ഇനം | നിർവ്വഹിച്ച പ്രവൃത്തിയുടെ അളവ് | കരാറുകാരൻ കോട്ടു ചെയ്തതും, നൽകിയതുമായ നിരക്ക് |
|---|---|---|---|
| 13 | അക്രിലിക് സ്മൂത്ത് എക്സ്റ്റീരിയർ പെയിംന്റിംഗ് | 275.44$m^2$ | 183.2രൂപ/$m^2$ |
| 9 | -ടി- | 109.61$m^2$ | 190.02/$m^2$ |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (06/06.09.24) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരൻ സമർപ്പിക്കുന്ന ബിഡ് ഡോക്യുമെന്റ് പ്രകാരമുള്ള നിരക്കാണിതെന്നും, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് ഇതിൽ മാറ്റം വരുത്തുവാൻ അസിസ്റ്റന്റ് എൻജിനീയർക്ക് അധികാരമില്ലെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കുന്നു. എന്നിരുന്നാലും ഒരേ ഇനത്തിന് വ്യത്യസ്ത നിരക്ക് അനുവദിക്കുന്നത് മൂലം അധിക ചെലവുണ്ടാകുന്നു

എന്നത് വസ്തുതയാണ്. വിഷയം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

അനുബന്ധ വിവരങ്ങൾ-

പ്രോജക്ട് നം., -S0104/24

പ്രവർത്തിയുടെ പേര് – വിവിധ അങ്കണവാടികളുടെ അറ്റകുറ്റപ്പണി

കരാറുകാരൻ -വിനു വി.

അളവു പുസ്തകം – 7079/2022

ചെലവ് വിവരം – 1)3,69,469/-രൂപ, ബിൽ നം.2/23-24, തീയതി -30.06.23 (ഫൈനൽ ബിൽ)

## 1-23 എം.ജി.എൻ.ആർ.ഇ.ജി.എസ്.-പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകങ്ങൾ-

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിച്ച പ്രവൃത്തികളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) മെറ്റീരിയൽ സപ്ലൈ ഉൾപ്പെടുന്ന പ്രവൃത്തികളിലെ രേഖപ്പെടുത്തലുകളിൽ വ്യത്യാസം -

താഴെപ്പറയുന്ന പ്രവൃത്തിയിൽ മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ലിലെ അളവും, അളവും, അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള അളവും തമ്മിൽ ഭീമമായ വ്യത്യാസം കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി/ വർക്ക് കോഡ് | കരാറുകാരൻ | 40 Mmമെറ്റൽ | | ഗ്രാവൽ | |
|---|---|---|---|---|---|
| | | കരാറുകാരന്റെ ബിൽ പ്രകാരമുള്ള അളവ് | അളവു പുസ്തകത്തിലെ സ്റ്റാക്ക് രേഖപ്പെടുത്തലുകൾ പ്രകാരമുള്ള അളവ് | കരാറുകാരന്റെ ബിൽ പ്രകാരമുള്ള അളവ് | അളവു പുസ്തകത്തിലെ സ്റ്റാക്ക് രേഖപ്പെടുത്തലുകൾ പ്രകാരമുള്ള അളവ് |
| W-15-കാക്കകോടിക്കൽ നടപ്പാത കോൺക്രീറ്റിംഗ്. RC-378794 | ഉദയം ട്രേഡേഴ്സ് കുടുംബശ്രീ, ചെറുതന | 835 Sq.ft ($77.60m^3$) | 24.29 $M^3$ | $34.19m^3$ | 39.01 |
| W-12-വേലിയിൽ കലുങ്ക് വാസുദേവപുരം റോഡ് കോൺക്രീറ്റിംഗ്. RC-383889 | ഉദയം ട്രേഡേഴ്സ് കുടുംബശ്രീ, ചെറുതന | 870 Sq.ft ($80.85m^3$) | 23.10 $M^3$ | $100.42m^3$ | $25.5m^3$ |

2) GST കിഴിവ് വരുത്താതെ മെമ്മോ ഓഫ് പെമെന്റ് തയ്യാറാക്കിയിരിക്കുന്നു

താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ ക്വാറിമക്കും, ഗുഡ് എർത്തും മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി.യുടെ TDS കുറവ് ചെയ്തിട്ടില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30.07.19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്/16/ആർഇജിഎസ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്നും 2% തുക GST-യുടെ TDS ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ചിട്ടുള്ള മെറ്റീരിയൽ പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ, അളവു പുസ്തകത്തിൽ മെമ്മോ ഓഫ് പെമെന്റ് തയ്യാറാക്കിയിരിക്കുന്നത് ഇപ്രകാരം GST കിഴിവ് വരുത്താതെയാണ്. അവയ്ക്ക് ചില ഉദാഹരണവും, വിശദ വിവരവും ചുവടെ ചേർക്കുന്നു.

| പ്രവൃത്തി/വർക്ക് കോഡ്./M-Book | കരാറുകാരൻ | കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക | ഈടാക്കേണ്ട GST TDS (2%) | FTO No./തീയതി |
|---|---|---|---|---|
| W-15-കാക്കകോടിക്കൽ നടപ്പാത കോൺക്രീറ്റിംഗ്. RC-378794 109/23-24 | ഉദയം ട്രേഡേഴ്സ് കുടുംബശ്രീ, ചെറുതന. | 3,60,270/- | 7,205/- | മെറ്റീരിയൽ കോസ്റ്റ് നൽകിയിട്ടില്ല. |
| W-12-വേലിയിൽ കലുങ്ക് വാസുദേവപുരം | ഉദയം ട്രേഡേഴ്സ് കുടുംബശ്രീ, | 3,40,864/- | 6,817/- | മെറ്റീരിയൽ കോസ്റ്റ് നൽകിയിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് കോൺക്രീറ്റിംഗ്. RC-383889 126/23-24 | ചെറുതന. | | | | |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(12/09.09.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും മേൽ രേഖപ്പെടുത്തിയതും, ഇവ കൂടാതെ തൻവർഷം നടപ്പിലാക്കിയിട്ടുള്ള മറ്റ് പ്രവൃത്തികളുടെയും മെറ്റീരിയൽ വില അനുവദിക്കുമ്പോൾ GST ഇനത്തിലുള്ള കിഴിവ് വരുത്തിയതിന് ശേഷം മാത്രം തുക അനുവദിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-24 എം.ജി.എൻ.ആർ.ഇ.ജി.എസ്.-പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം- നട്ടു പിടിപ്പിക്കുന്ന ചെടികളുടെ പരിപാലനം ഉറപ്പാക്കപ്പെടുന്നില്ല -**

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പു വിഭാഗത്തിൽ നിന്നും തൻ വർഷം നടപ്പിലാക്കിയിട്ടുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം എന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, എസ്റ്റിമേറ്റിൽ ഈ പ്രവൃത്തിയിൽ തോടുകളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി തോടുകളുടെ മാടികളിൽ ചെടികൾ നട്ടുപിടിപ്പിക്കൽ എന്ന ഇനം പ്രവൃത്തി കൂടി നിർവ്വഹിച്ചിട്ടുണ്ട്. ഈ ചെടികളുടെ 30 ദിവസത്തെ പരിപാലനം ഉൾപ്പെടെയുള്ള മനുഷ്യദിനങ്ങൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. “Laying And Maintenance Of Fodder Grass “ എന്ന പ്രവൃത്തി നിർവ്വഹിക്കപ്പെട്ടതിന് ശേഷം 30 ദിവസം വരെ “ Maintenance Of Fodder Grass For 30 Days Including Watering And Manures, Replanting Etc. എന്ന പ്രവൃത്തിക്ക് കൂടി എസ്റ്റിമേറ്റിൽ തൊഴിൽ ദിനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മസ്റ്റർ റോൾ, അളവു പുസ്തകം എന്നിവ പരിശോധിച്ചതിൽ, മാടികളിൽ ചെടികൾ നട്ടുപിടിപ്പിക്കൽ എന്ന ഇനം പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം, പിന്നീട് ഇവയുടെ പരിപാലനത്തിനായി മസ്റ്റർ റോൾ പ്രകാരം തുക ചെലവഴിച്ചതായി കാണുന്നില്ല. ചില പ്രവൃത്തികളിൽ എസ്റ്റിമേറ്റ് പ്രകാരം ചെടികളുടെ 30 ദിവസത്തെ പരിപാലനത്തിനായി അനുവദിക്കപ്പെട്ടുള്ള തുക കൂടി തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടെങ്കിലും, ആയത് ചെടികൾ വെച്ചു പിടിപ്പിക്കുന്ന പ്രവൃത്തിയോടൊപ്പമാണ് അനുവദിച്ചിട്ടുള്ളത്. ചെടികൾ വെച്ചു പിടിപ്പിച്ചതിന് ശേഷമുള്ള 30 ദിവസ കാലയളവിൽ ചെയ്ത പ്രവൃത്തിയുടെ വേതനമായല്ല ഇപ്രകാരം തുക നൽകിയിട്ടുള്ളത്. ചില പ്രവൃത്തിക്ക് ഇതിനുള്ള തുക കുറവ് ചെയ്താണ് തുക നൽകിയിട്ടുള്ളത്. ഇതിൽ നിന്നും ചെടികളുടെ പരിപാലനം നടക്കുന്നില്ലായെന്ന് വ്യക്തമാണ്. ചില ഉദാഹരണങ്ങൾ വിശദ വിവരം സഹിതം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, വർക്ക് കോഡ്, മസ്റ്റർ റോൾ നം., അളവുപുസ്തകം | ചെടികളുടെ പരിപാലനത്തിന് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന തൊഴിൽ ദിനവും, പ്രവൃത്തിയുടെ ആകെ തൊഴിൽ ദിനവും. | മസ്റ്റർ റോൾ പ്രകാരം | | അളവു പുസ്തകം അവസാനം അളവു രേഖപ്പെടുത്തിയ തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|---|
| | | | പ്രവൃത്തി നിർവ്വഹിച്ച തീയതി | അനുവദിച്ചു നൽകിയ തൊഴിൽ ദിനം | | |
| 1. | W-9-പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം. FP-399186, 6692,7008, 10128, 22/23-24 | 15.99/ 465 | 1)15.06.23 -21.06.23. 2)22.06.23- 28.06.23. 3)18.07.23- 24.07.23 | 177, 163, 119 ആകെ-459 | 29/07/23 | 29.07.23-ൽ തന്നെ എസ്റ്റിമേറ്റ് പ്രകാരമുള്ള 1280 എണ്ണവും പരിപാലനം നടത്തിയതാ യാണ് അളവുപുസ്തകം പേജ് 20 ൽ രേഖപ്പെടുത്തിയിട്ടു ള്ളത്. എന്നാൽ മസ്റ്റർ റോളിൽ 24.07.23 വരെ മാത്രമെ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളു. എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന തൊഴിൽ ദിനങ്ങ ളിൽ 6 തൊഴിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ദിനം ഒഴികെ മുഴുവനും തൊഴിലാളികൾക്ക് നൽകിയിട്ടുമുണ്ട്. ഇതിൽ നിന്നും ചെടികളുടെ പരിപാലനം പിന്നീട് നടക്കുന്നില്ലായെന്ന് വ്യക്തമാണ്. മാത്രവുമല്ല, മസ്റ്റർ റോളിൽ 24.07.23 വരെ മാത്രമെ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളു. എന്നാൽ അളവു പുസ്തകത്തിൽ 29.07.23 ലും പ്രവൃത്തി നിർവ്വഹിച്ചതായി രേഖപ്പെടുത്തി യിട്ടുണ്ട്. |
| 2. | W-9- പറത്തറ തോട് ആഴം കൂട്ടി മാടി ബലപ്പെടുത്തൽ. WC-51453 37370,38099 06/23-24 | 3.25/ 58.63 | 1)23/02/24-29 /02/24 2)01/03/24-07 /03/24 | 31 21 ആകെ-52 | അളവു രേഖപ്പെടുത്തിയ തീയതി രേഖപ്പെടുത്തി യിട്ടില്ല | ചെടികളുടെ പരിപാലനം എന്ന പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. |
| 3. | W-1-പടിഞ്ഞാറേ പോച്ച പാടശേഖരം വാച്ചാൽ ആഴം കൂട്ടി കൃഷിക്ക് അനുയോജ്യമാക്കൽ. FP-61128, 34652,53,54,55, 56,57,58 | 64.99/ 754.02 | 1)06/02/24-12 /02/24 2)13/02/24-19 /02/24 3)27/02/24 -04/03/24 | 132 147 241 208 ആകെ-728 | അളവു രേഖപ്പെടുത്തിയ തീയതി രേഖപ്പെടുത്തി യിട്ടില്ല | അളവുപുസ്തകം പേജ് 15 ൽ 15.03.24 ൽ പ്രവൃത്തി ചെക്ക് മെഷർ ചെയ്തതായി രേഖപ്പെടുത്തിയി ട്ടുണ്ട്. പേജ് 13 ൽ 3710 $M^2$ ൽ പരിപാലനം നടത്തിയതിന് $M^2$ ന് 4.162 നിരക്കിൽ 15,441/- രൂപ മൂല്യം നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(15/10.09.24)മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരം പ്രവൃത്തികളിൽ ചെടികളുടെ തുടർപരിപാലനം ഉറപ്പു വരുത്തിയ ശേഷം മാത്രം പരിപാലന ചെലവ് പിൻവലിക്കേണ്ടതാണ്.

## 1-25 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -ആദായനികുതി ഈടാക്കാത്തത് സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പു വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള രേഖകൾ പ്രകാരം 2023-24 വർഷം തൊഴിലുറപ്പു പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്, പ്രവർത്തി സ്ഥലങ്ങളിൽ സ്ഥാപിച്ചു നൽകിയിരിക്കുന്നത് ഉദയം ട്രേഡേഴ്സ് കുടുംബശ്രീ, ചെറുതന, ജയപ്രസാദ് സി., മാത്യു വർഗ്ഗീസ് എന്നിവരാണ്. ബോർഡ് 1 ന് 3,000/-രൂപ നിരക്കിൽ ഇവർ സ്ഥാപിച്ച ബോർഡുകളുടെ എണ്ണവും, കൈപ്പറ്റിയ തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | സ്ഥാപിച്ച ബോർഡുകളുടെ എണ്ണം | കൈപ്പറ്റിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1. | ഉദയം ട്രേഡേഴ്സ്, കുടുംബശ്രീ, ചെറുതന | 178 | 5,34,000/- |
| 2. | ജയപ്രസാദ് സി. | 19 | 57,000/- |
| 3. | മാത്യു വർഗ്ഗീസ് | 16 | 48,000/- |

1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. എന്നാൽ മേൽ വ്യക്തികൾ / കുടുംബ ശ്രീ യൂണിറ്റിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. ആദായ നികുതി ഈടാക്കാതിരുന്നതിനും, ആദായ നികുതി അടവാക്കുന്നതിൽ നിന്നും കുടുംബ ശ്രീ ഗ്രൂപ്പുകളെ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (13/10.09.24)മറുപടി ലഭ്യമാക്കിയിട്ടില്ല. ആദായ നികുതി ഇനത്തിൽ ഒടുക്കുവാനുള്ള 10,680/-(2%)രൂപ ഉദയം ട്രേഡേഴ്സ്, കുടുംബശ്രീ, ചെറുതനയിൽ നിന്നും, 1050/- രൂപ(1%) ബന്ധപ്പെട്ട കരാറുകാരിൽ നിന്നും (ആകെ -11,730/-രൂപ) ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

**1-26 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ**

1) ഹരിത കർമ്മ സേനയുടെ പ്രസക്തിയും ലക്ഷ്യവും-

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനാ സംവിധാനമാണ് ഹരിത കർമ്മ സേന. പഞ്ചായത്തുകളും നഗരസഭകളും മുൻകൈയ്യെടുത്ത് രൂപീകരിച്ചിട്ടുള്ള ഈ സംവിധാനം പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ചിലയിടങ്ങളിൽ ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങിയാണ് ഇവർ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണം നടത്തുന്നത്. കേരള സർക്കാർ നടപ്പാക്കുന്ന ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബർ മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഹരിത കർമ്മ സേനാരൂപീകരണം നടന്നത്.

2) ഗ്രാമ പഞ്ചായത്തിലെ ഹരിത കർമ്മ സേനയുടെ സംഘാടനം, പ്രവർത്തനം

ചെറുതന ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേന പ്രവർത്തനം തുടങ്ങിയത് 2019 ഡിസംബർ മാസമാണ്. 13 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിലും നിലവിൽ രണ്ട് വീതം ആകെ 26 ഹരിത കർമ്മ സേനാംഗങ്ങളെ നിയമിച്ചിട്ടുണ്ട്. എല്ലാ വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫിൽ സൂക്ഷിക്കുകയും മാസാവസാനം തരംതിരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയും ചെയ്യുന്നു. ആരംഭ ഘട്ടത്തിൽ വീടുകളിൽ നിന്നും 30/-രൂപയും വ്യപാര സ്ഥാപനങ്ങളിൽ നിന്നും 50/-രൂപയുമാണ് യൂസർ ഫീ ഈടാക്കിയിരുന്നത്. പിന്നീട്, 05.08.2021 മുതൽ വീടുകളിൽ നിന്നും 50/-രൂപയും വ്യപാര സ്ഥാപനങ്ങളിൽ നിന്നും 100/-രൂപയുമായി യൂസർ ഫീ നിരക്ക് ഉയർത്തി. കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയതിലൂടെ ഓരോ വാർഡിലേയും മാലിന്യ ശേഖരണവും യൂസർ ഫീ കളക്ഷനും പഞ്ചായത്തിൽ നിന്നും നേരിട്ട് മോണിട്ടർ ചെയ്യുവാൻ സാധിക്കുന്നു. പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്, സെക്രട്ടറി, അസി.സെക്രട്ടറി, വി.ഇഒ, എന്നിവരുടെ നേതൃത്വത്തിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു.

3) പരിശീലനം ലഭിച്ചതിന്റെ വിവരം.

പ്ലാസ്റ്റിക് വേസ്റ്റുകളുടെ കൃത്യമായ വേർതിരിവ് സംബന്ധിച്ചും ജലസ്രോതസ്സുകളുൾപ്പെടെയുള്ള പരിസരങ്ങളിലേക്ക് ഖരമാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നതും കത്തിക്കുന്നതും കാരണം ഉണ്ടാകുന്ന പാരിസ്ഥിതിക -ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ചും ഹരിതകർമ്മ സേനക്ക് കില, ഐആർറ്റിസി എന്നിവയുടെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ ഭാഗമായി കെൽട്രോൺ മുഖേന അംഗങ്ങൾക്ക് സാങ്കേതിക തലത്തിൽ ആവശ്യമായ പരിശീലനവും ലഭിച്ചിട്ടുണ്ട്.

4) ബോധവൽക്കരണ പരിപാടികൾ

പ്ലാസ്റ്റിക് കത്തിക്കുക, കുഴിച്ചുമൂടുക എന്നിവയുടെ ദോഷവശങ്ങളെക്കുറിച്ചും ഖരമാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളെക്കുറിച്ചും നിയമം ലംഘിച്ചാലുള്ള പിഴ പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറക്കുക എന്നിവ സംബന്ധിച്ചും പൊതുജനങ്ങൾ, ആരോഗ്യപ്രവർത്തകർ സാംസ്കാരിക രാഷ്ട്രീയ പ്രതിനിധികൾ എന്നിവരുൾപ്പെട്ട യോഗങ്ങൾ നടത്തിയും എൻഎസ്സ്എസ്സ് വോളന്റിയർമാർ മുഖേനയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്ലാസ്റ്റിക് ദുരുപയോഗം സംബന്ധിച്ച് കുടുംബശ്രീ അയൽകൂട്ടങ്ങൾ വഴി വീടുകളിലും സ്ഥാപനങ്ങളിലും നോട്ടീസ്

വിതരണവും നടത്തിയിട്ടുണ്ട്. അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു പരാതി മാത്രമാണ് ലഭിച്ചതെന്നും ഇതുൾപ്പെടെ ആകെ മൂന്ന് പേരിൽനിന്നും പിഴ ഈടാക്കിയിട്ടുള്ളതായും അറിയിച്ചു.

5) മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത -

ആകെ പതിമൂന്ന് വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ 3242 റെസിഡൻഷ്യൽ കെട്ടിടങ്ങളും 225 സ്ഥാപനങ്ങളുമാണ് പ്രവർത്തിക്കുന്നത്. 100% വീടുകളും സ്ഥാപനങ്ങളും യൂസർ ഫീ നൽകി ഗ്രാമപഞ്ചായത്തിന്റെ മാലിന്യ ശേഖരണ യജ്ഞവുമായി സഹകരിക്കുന്നുണ്ട്. ഓരോ മാസവും ഏകദേശം 1-1.5 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ശേഖരിക്കുന്ന എല്ലാ മാലിന്യങ്ങളും വിവിധ ഇനങ്ങളായി ഉറവിടത്തിൽത്തന്നെ വേർതിരിച്ച് പ്രത്യേകം സൂക്ഷിക്കുന്നു. ശുചിത്വ മിഷൻ അംഗീകരിച്ച വാർഷിക പ്രവർത്തന കലണ്ടർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും നിലവിൽ പ്ലാസ്റ്റിക് മാലിന്യം മാത്രമാണ് ശേഖരിക്കുന്നത്. പ്രവർത്തന കലണ്ടർ അനുസരിച്ച് പ്ലാസ്റ്റിക്, ഇവേസ്റ്റ്, കുപ്പിച്ചില്ല്, ലതർ തുടങ്ങിയവ ശേഖരിക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കിയില്ല. 2023-24 വർഷം ക്ലീൻ കേരള കമ്പനിക്ക് 22909.3 Kg പ്ലാസ്റ്റിക് മാലിന്യം കൈമാറി നൽകുകയും പ്രസ്തുത വർഷം 1,93,471/- രൂപയുടെ വരുമാനം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

6) ലെഗസി വേസ്റ്റുകളുടെ നിർമ്മാർജ്ജനം-

ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിൽ R.R.F കേന്ദ്രം ഇല്ലാത്തതിനാൽ പുനരുപയോഗിക്കുവാൻ സാധിക്കാത്ത ലെഗസി (എം.എൽ.പി) വേസ്റ്റുകൾ പൊടിച്ച് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള സംവിധാനം ലഭ്യമല്ല. ആയതിനാൽ ഇവ ക്ലീൻ കേരള കമ്പനിയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. മുൻവർഷങ്ങളിലെ ഉൾപ്പെടെ എം.എൽ.പി വേസ്റ്റുകൾ 2023-24വർഷമാണ് കിലോഗ്രാമിന് 10 രൂപ ചുമത്തി ക്ലീൻ കേരള കമ്പനി ശേഖരിച്ചത്. 6750 Kg ലെഗസി വേസ്റ്റുകൾ ശേഖരിച്ച ഇനത്തിൽ ക്ലീൻ കേരള കമ്പനിക്ക് 67,500/- രൂപ നൽകാനുണ്ട്.

7) മാലിന്യ നീക്കത്തിന്റെ വിശദാംശം -

ഗ്രാമ പഞ്ചായത്തിൽ നിലവിൽ മിനി എം സിഎഫുകൾ ഇല്ല. എന്നാൽ 900sq.ft വലുപ്പത്തിലുള്ള രണ്ട് എംസിഎഫുകൾ വാർഡ് 13 ലും വാർഡ് 4 ലും പ്രവർത്തിക്കുന്നുണ്ട്. മിനി എം.സി.എഫുകളുടെ അഭാവത്തിൽ ദിവസവും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ എംസിഎഫുകളിൽ അതാത് ദിവസം തന്നെ എത്തിക്കേണ്ടതായ സാഹചര്യം ഉണ്ടാകുന്നു. പതിമൂന്ന് വാർഡുകളിലും ഗ്രാമപഞ്ചായത്ത് ട്രോളി സൌകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മാലിന്യനീക്കത്തിനായി ഫെഡറൽബാങ്ക് സ്പോൺസർ ചെയ്ത ഇലക്ട്രിക് ഓട്ടോയും ഉള്ളതിനാൽ പഞ്ചായത്തിലെ മാലിന്യ നീക്കം കാര്യക്ഷമമയി നടത്താൻ കഴിയുന്നതായി സേനാംഗങ്ങൾ അറിയിച്ചു. കൺസോർഷ്യം സ്വന്തം നിലക്ക് ഡ്രൈവറെ ഏർപ്പടുത്തിയാണ് നിലവിൽ വാഹനം ഓടിക്കുന്നത്. ക്ലീൻ കേരളാകമ്പനി മാസത്തിലൊരിക്കൽ വീതം മാലിന്യം ശേഖരിക്കുന്നതിനാൽ എംസിഎഫുകളിൽ കൂടുതൽ മാലിന്യം സംഭരിച്ചുവെക്കേണ്ട സാഹചര്യവും ഉണ്ടാകാറില്ല. എംസിഎഫുകളിൽ ആവശ്യമായ ശുചിത്വമാനദണ്ഡങ്ങൾ പാലിക്കുന്നതായും അറിയിച്ചു.

8) ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ പ്രവർത്തനം.

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സർക്കാർ - സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായേക്കാവുന്ന ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തി അവർക്ക് വേണ്ട ദിശാബോധം നൽകുന്നതിനുമുള്ള ഒരു സംഘടന ആയിട്ടാണ് ഹരിതകർമ്മസേന കൺസോർഷ്യം പ്രവർത്തിക്കുന്നത്. അജൈവ മാലിന്യ ശേഖരണം മുതൽ അവ തരംതിരിച്ച് വിപണനം നടത്തുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ഹരിത സംരംഭകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുകയും ചെയ്യുന്നതോടൊപ്പം ഹരിതസേനാംഗങ്ങൾ നേരിടുന്ന വെല്ലുവിളികൾ തദ്ദേശസ്ഥാപനത്തിന്റെയും അത് വഴി സർക്കാരിന്റെയും ശ്രദ്ധയിൽ പ്പെടുത്തുന്നതിന് കൺസോർഷ്യം പ്രധാന പങ്ക് വഹിക്കുന്നു. പഞ്ചായത്തിലെ ഹരിത കർമ്മ സേന പ്രവർത്തകരെ ഏകോപിപ്പിച്ച് 2020 മെയ് ൽ ഹരിതകർമസേന കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്കാണ് കൺസോർഷ്യത്തിന്റെ ചുമതല. കൺസോർഷ്യത്തിന്റെ മിനുട്സ് പരിശോധിച്ചതിൽ, 2023-24 വർഷം എല്ലാ മാസവും അവലോകന യോഗങ്ങൾ നടത്തി ഗ്രാമപഞ്ചായത്തിലെ സേനയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുൾപ്പെടെ എല്ലാവരും തന്നെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മികച്ചതാക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. ഓരോ മാസവും യൂസർ ഫീ കളക്ഷനായി ലഭിക്കുന്ന തുകയുടെ 10% കൺസോർഷ്യത്തിന്റെ കോർപ്പസ് അക്കൗണ്ടിൽ സൂക്ഷിക്കുകയും ബാക്കി തുക അംഗങ്ങൾക്ക് തുല്യമായി വീതിച്ചു നൽകുകയും ചെയ്യുന്നു. സേനയിലെ ഓരോ അംഗത്തിനും പ്രതിമാസം ശരാശരി 7,000/- രൂപ വേതനം ലഭിക്കുന്നു. ഫെഡറൽ ബാങ്ക് ഹരിപ്പാട് ശാഖയിലാണ് കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൌണ്ട്. ടി അക്കൌണ്ടിൽ (അക്കൌണ്ട് നം.18610200000475) 31.08.24ൽ 7,04,964/- രൂപ നീക്കിയിരുപ്പുണ്ട്.

9) കൺസോർഷ്യം മുഖേനയുള്ള തൊഴിൽ പരിശീലനങ്ങൾ

കൺസോർഷ്യം മുഖേന തൊഴിൽ പരിശീലനം നൽകിയിട്ടില്ല. സ്റ്റീൽ പാത്രങ്ങൾ വാടകക്ക് നൽകുന്ന ഒരു യൂണിറ്റ് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു.

10) ഓഡിറ്റിന്റെ നിഗമനം / ശുപാർശ

എ) ശുചിത്വമിഷൻ മാനദണ്ഡപ്രകാരം തയ്യാറാക്കിയ കലണ്ടറിന് അനുസൃതമായി പ്ലാസ്റ്റിക് ഇതര മാലിന്യ ശേഖരണം കൂടി നടത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) വാർഡുകളിൽ മിനി എംസിഎഫുകൾ സജ്ജീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

സി) കൺസോർഷ്യം മുഖേന തൊഴിൽ പരിശീലന യൂണിറ്റുകൾ ആരംഭിച്ച് അംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ എർപ്പെടുത്താവുന്നതാണ്.

ഡി) ഇലക്ട്രിക് ഓട്ടോ ഓടിക്കുന്നതിൽ ഹരിതകർമ്മസേനയിലെ അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇ) ആരോഗ്യ – പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തി പുനരുപയോഗയോഗ്യമല്ലാത്ത ലെഗസി മാലിന്യങ്ങളുടെ ഉപയോഗം കുറക്കേണ്ടതും പേപ്പർ, തുണി ക്യാരി ബാഗുകളുടെ ഉപയോഗം പ്രത്സാഹിപ്പിക്കാവുന്നതുമാണ്.

എഫ്) മാലിന്യ രഹിത കേരളം എന്ന ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യം പൂർത്തീകരിക്കുന്നതിനാകും വിധം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഭരണസമിതിയും ചുമതലപ്പെട്ട ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം (നം.01/05.09.24) നൽകിയ മറുപടിയുടെയും നേരിട്ടുള്ള വിവരശേഖരണത്തിന്റെയും അടിസ്ഥാനത്തിലാണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - തുക അധികം അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥ – വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ
പ്രോജക്ട് നം.S0118/24

ഫണ്ട് -ധനകാര്യകമ്മീഷൻ ഗ്രാന്റ്
ചെലവ് - 81,240/-(ബിൽ നം.തീയതി-336/27.03.24)

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യശേഖരണം ഡിജിറ്റലൈസ് ചെയ്യുന്നതിന് വീടുകളിലും സ്ഥാപനങ്ങളിലും ക്യൂ ആർ കോഡ് പതിപ്പിക്കുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്. ജി.ഒ.(എം.എസ്.) നം.2341/2022/LSGD/26.09.22 ഉത്തരവിലെ ഖ.8 ധനകാര്യ വിശകലനത്തിൽ ഗ്രാമ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു വീട്/ഒരു സ്ഥാപനത്തിന് ക്യൂ ആർ കോഡ് പതിപ്പിക്കുന്നതിന് 15/-രൂപയിൽ കുറയാത്ത നിരക്കിൽ പദ്ധതി തുക വകയിരുത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ചെറുതന ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്തും ഗതാഗതസൌകര്യത്തിലെ കുറവുകൾ പരിഗണിച്ചും 26.02.24-ലെ 3/3നം. തീരുമാനപ്രകാരം ഒരു വീട്/ഒരു സ്ഥാപനത്തിന് ക്യൂ ആർ കോഡ് പതിപ്പിക്കുന്നതിന് 20/-രൂപ പ്രതിഫലം നിശ്ചയിച്ച് ടി നിരക്കിലാണ് 4062 എണ്ണം വീട്/സ്ഥാപനത്തിന് (4062 X20 = 81240/-) തുക അനുവദിച്ചത്. ഉയർന്ന നിരക്ക് അനുവദിച്ചത് കാരണം 20310/- രൂപ [(4062 X20 = 81240 ) -(4062 X15 =60930)] അധികം ചെലവഴിച്ചു.

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ഉയർന്നനിരക്ക് അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/10.09.24) വാഹനസൌകര്യമില്ലാത്തതിനാൽ പല വാർഡുകളിലും വളരെ ദൂരം കാൽനടയായി പോകേണ്ടതിനാലും ഉത്തരവ് പ്രകാരമുള്ള പതിനഞ്ച് രൂപക്ക് ടി പ്രവൃത്തി ചെയ്യുവാൻ ആരും തയ്യാറാകാത്തതിനാലും ആണ് പഞ്ചായത്ത് കമ്മിറ്റി ഇപ്രകാരം തീരുമാനമെടുത്ത് ഉയർന്ന തുക നൽകിയതെന്ന് അറിയിച്ചു. കൂടാതെ ഉത്തരവിൽ 15/-രൂപയിൽ കുറയാത്ത തുക എന്നാണ്, പരമാവധി 15/-രൂപ എന്ന് നിർദ്ദേശമില്ലായിരുന്നുവെന്നും അറിയിച്ചു. തദ്ദേശസ്ഥാപനത്തിന്റെ ഭൂപ്രകൃതി ഉൾപ്പെടെയുള്ളവ പരിഗണിച്ച് സ്ഥാപനത്തിന് പരമാവധി തുക നിശ്ചയിക്കാമെന്ന് ഉത്തരവിൽ പ്രത്യേക വ്യവസ്ഥ ഇല്ലാത്തതിനാലും 15/-രൂപയിൽ കുറയാത്ത നിരക്കിൽ തുക നൽകാൻ മാത്രമാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്നതിനാലും പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. അധികമായി അനുവദിച്ച 20,310/- രൂപ 26.02.24-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

### 3-2 പച്ചക്കറി കൃഷി അപാകതകൾ സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് നം. | എസ്0041/23-24 |
| പ്രോജക്ടിന്റെ പേര് | പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും |
| അടങ്കൽ തുക | 4,75,500 |
| ഗുണഭോക്തൃവിഹിതം | 1,58,500 |
| ആകെ അടങ്കൽ | 6,34,000 |
| ചെലവ് | |
| ബിൽ നം. 106/25.11.23 | 99,600 |
| ബിൽ നം. 108/25.11.23 | 80,000 |
| ബിൽ നം. 107/25.22.23 | 95,000 |
| ബിൽ നം. 323/25.03.24 | 1,12,500 |
| ബിൽ നം. 341/27.03.24 | 46,000 |
| ആകെ | 4,33,100 |
| ഇൻവോയിസ് നം. | V-684A/23-24/25.11.23 കെയ്കോ |
| | V-685A23-24/25.11.23 |
| | V-682A23-24/24.11.23 |

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു

ഇൻവോയിസുകൾ പ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച 1373 (498+400+475=1373) ചട്ടികളും തൈകളുമാണ് ലഭ്യമായത് (ചട്ടികളുടെ സൈസ് ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടില്ല). ഒരു ചട്ടിയ്ക്ക് 200 രൂപ നിരക്കിൽ 1373 ചട്ടികളുടെ ആകെ വില എന്നത് 2,74,600 രൂപയാണ്. ഇതാണ് കെയ്ക്കോയ്ക് നൽകാവുന്നത് എന്നാൽ ഇതിന് പകരം കെയ്ക്കോയ്ക്ക് നൽകിയ തുക എന്നത് 4,33,100/- രൂപയാണ്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബിൽ തുകയുടെ 75% സബ്സിഡിയാണ് നൽകാവുന്നത്. ഇപ്രകാരം 274600 ന്റെ 75%= 2,05,950 രൂപയേ വികസനഫണ്ടിൽ നിന്നും നൽകാവൂ. എന്നാൽ മേൽ രേഖപ്പെടുത്തിയ ബില്ലുകൾ പ്രകാരം വികസന ഫണ്ടിൽ നിന്നും നൽകിയിരിയ്ക്കുന്ന തുക 2,74,600 രൂപയാണ്. 68,650/- രൂപ അധികമാണ് വികസനഫണ്ടിൽ നിന്നും നൽകിയിരിയ്ക്കുന്നത് (274600-205950 = 68650). 68,650/- രൂപ മാത്രം ഗുണഭോക്തൃവിഹിതമായി പിരിച്ചെടുക്കേണ്ടിയിരുന്നപ്പോൾ, 89850/-രൂപ അധികമായി പിരിച്ചെടുത്ത് ആകെ 1,58,500/- രൂപ കെയ്ക്കോയ്ക്ക് അധികമായി ചുവടെ ചേർക്കും പ്രകാരം നൽകിയിട്ടുണ്ട്.

ആകെ ബിൽ തുക പ്രകാരം കെയ്കോയക്ക് നൽകേണ്ട തുക = 2,74,600

ഗുണഭോക്തൃവിഹിതം പിരിച്ചത് - 1,58,500

കെയ്കോയ്ക്ക് നൽകിയ തുക - 4,33,100

അധികമായി നൽകിയ തുക – (433100-274600) 1,58,500/-

മാത്രമല്ല സ്റ്റോക്ക് രജിസ്റ്ററിലെയും വിതരണ രജിസ്റ്ററിലെയും രേഖപ്പെടുത്തലുകൾ തമ്മിൽ പൊരുത്തപ്പെടുന്നുമില്ല.വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയ എല്ലാ ഗുണഭോക്താക്കളുടെ പേരിന് നേരേയും വിതരണം ചെയ്ത ചട്ടികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ എത്ര ചട്ടി വിതരണം ചെയ്തു എന്നതിന്റെ ആധികാരികത പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല

കെയ്ക്കോയ്ക്ക് അധികമായി 1,58,500/- രൂപ നൽകിയതിനും, പദ്ധതിയ്ക്കാവശ്യമായതിലും അധികമായി 89,850/-രൂപ ഗുണഭോക്തൃവിഹിതമിനത്തിൽ അധികം പിരിച്ചെടുത്തത് സംബന്ധിച്ചും, മേൽ സൂചിപ്പിച്ച മറ്റ് അപാകതകൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/10.09.24 ന് മറുപടി ലഭ്യമാക്കിയില്ല.

കെയ്കോയ്ക്ക് അർഹമായതിലും അധികമായി നൽകിയ 1,58,500 രൂപയുടെ ചെലവ് നിരാകരിയ്ക്കുന്നു. സ്റ്റോക്ക്, വിതരണ രേഖകൾ കൃത്യമാക്കി ഓഡിറ്റിൽ ലഭ്യമാക്കാത്തതിനാലും, മേൽ സൂചിപ്പിച്ച മറ്റ് അപാകതകളുടെ വെളിച്ചത്തിലും, മേൽ നിരാകരിച്ച 1,58,500 രൂപ കിഴിച്ച് ബാക്കിയുള്ള 2,74,600/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അധികമായി കെയ്കോയ്ക്ക് നൽകിയ 1,58,500/- രൂപ അവരിൽ നിന്നും തിരികെ ഈടാക്കി, വികസനഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 68,650/- തിരിച്ചടച്ചും, അധികം പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം തുക ഒടുക്കിയ ഗുണഭോക്താക്കൾക്ക് തിരികെ നൽകിയും രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക : മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 1,70,000 | സാന്ത്വന പരിചരണം | 1,70,000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 83,610 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കൽ | 83,610 | |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 1,75,518 | പാലിന് സബ്സിഡി | 1,75,518 | |
| **ആകെ** | | **4,29,128** | | **4,29,128** | |
| ജില്ലാപഞ്ചായത്ത് | 2023-24 | 1,25,814 | അങ്കണവാടി പോഷകാഹാര വിതരണം | 1,25,814 | |
| ജില്ലാപഞ്ചായത്ത് | 2023-24 | 58,850 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കൽ | 58850 | |
| ജില്ലാപഞ്ചായത്ത് | 2023-24 | 75,000 | പാലിന് സബ്സിഡി | 75000 | |
| ജില്ലാപഞ്ചായത്ത് | 2023-24 | 67,958 | ഹരിതകർമ്മസേനക്ക് ട്രോളി | 67958 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 6,00,000 | അഗതി രഹിത കേരളം | 6,00,000 | |
| **ആകെ** | | **9,27,622** | | **9,27,622** | |

**4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പ്രോജക്ട് നം.S0169/2024 സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 56/26.03.24 | 18,800/- | | 18,800/- |
| കെ.എസ്.ഇ.ബി. | പ്രോജക്ട് നം.S0093/2024 സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 43/20.01.2024 | 9,845 | 0 | 9,845 |
| | | 39/04.01.2024 | 8,635 | 0 | 8,635 |

**4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-4 വായ്പ / വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനം ഹഡ്കോ വായ്പ | G.O. (MS)No.2278/ LSGD Dt.18.08.2018 | **32,00,000** | **25,76,527** | 11,76,856 | | 45,99,671 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 52,16,674 |
| തൻവർഷം നിക്ഷേപിച്ച തുക | 1,00,000,00<br>626603 (പലിശ) |
| ആകെ | 1,58,43,277 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 10,00,000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,48,43,277 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,83,34,405 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,59,11,206 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,78,810 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 24,04,861 |

**(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 20,310 | കുമാരി ഗീത പി.എൽ., വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ. 26.02.24-ലെ കമ്മിറ്റി അംഗങ്ങൾ |
| 3-2 | | 1,58,500 | ശ്രീമതി കാർത്തിക, കൃഷിഓഫീസർ |
| **ആകെ** | | 1,78,810/- | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 52,644 | കൃഷ്ണ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-12 | 37,280 | ശ്രീമതി പി.ശ്രീദേവി അമ്മ, സെക്രട്ടറി |
| 1-13 | 4,97,499 | ഡോ.ലാൽകൃഷ്ണൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-14 | 10,00,000/- | ശ്രീമതി കാർത്തിക, കൃഷി ഓഫീസർ |
| 1-16 | 1,16,742/- | ഡോ.ഉമേഷ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-17 | 2,90,000/- | ശ്രീമതി അഞ്ജന ദീപ്തി കെ.ആർ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-18 | 2,74,600/- | ശ്രീമതി കാർത്തിക, കൃഷി |

| | | |
|---|---|---|
| | | ഓഫീസർ |
| 1-19 | 91,096/- | ശ്രീമതി അഞ്ജന ദീപ്തി കെ.ആർ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-20 | 45,000/- | ശ്രീമതി കാർത്തിക, കൃഷി ഓഫീസർ |
| **ആകെ** | 24,04,861 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 11,730/- | ശ്രീമതി അഞ്ജന ദീപ്തി കെ.ആർ., അസിസ്റ്റന്റ് സെക്രട്ടറി, ശ്രീ.അഭിലാഷ് പി., അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| ആകെ | 11,730/- | |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

-ഇല്ല-

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി പി.ശ്രീദേവി അമ്മ, സെക്രട്ടറി | സെക്രട്ടറി, ചെറുതന ഗ്രാമപഞ്ചായത്ത് | തൈപ്പള്ളി ഹൌസ്, കൊറ്റംകുളങ്ങര. അവലൂക്കുന്ന് പി.ഒ., ആലപ്പുഴ |
| ഡോ.ഉമേഷ് ജി., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി., ചെറുതന | ഗൗതമി, തെക്കേനട, ഹരിപ്പാട്, ആലപ്പുഴ |
| കുമാരി ഗീത പി.എൽ. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ചെറുതന ഗ്രാമപഞ്ചായത്ത് | തൊങ്ങൻവിളവീട് നെല്ലിമൂട്, തിരുവനന്തപുരം |
| ശ്രീമതി അഞ്ജന ദീപ്തി കെ.ആർ., അസിസ്റ്റന്റ് സെക്രട്ടറി | സൂപ്രണ്ട്, കോർപ്പറേഷൻ ഓഫീസ്, കൊച്ചി | ചിറതലയ്ക്കൽ മുതുകുളം നോർത്ത് ചൂളത്തെരുവ് പി.ഒ., ആലപ്പുഴ |
| കാർത്തിക, കൃഷി ഓഫീസർ | കൃഷിഓഫീസർ, ചെറുതന ഗ്രാമപഞ്ചായത്ത് | മാതൃഛായ, ചിങ്ങോലി പി.ഒ., കാർത്തികപ്പള്ളി |
| കൃഷ്ണ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് | പുന്നമൂട്ടിൽ പറയകടവ് പി.ഒ., അമൃതപുരി പി.ഒ. |
| ഡോ.ലാൽകൃഷ്ണൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., ചെറുതന ഗ്രാമപഞ്ചായത്ത് | ലാൽ ഭവനം, കണ്ടല്ലൂർ സൌത്ത് പുല്ലുകുളങ്ങര |
| ശ്രീ.അഭിലാഷ് പി., അക്രഡിറ്റഡ് എഞ്ചിനീയർ, | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്., | തച്ചിനേത്ത്, ചെറുതന |

| | | |
|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | ചെറുതന ഗ്രാമപഞ്ചായത്ത് | |

**26.02.24 ലെ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളുടെ പേര്,വിലാസം**

| പേര് | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീമതി പത്മജാ മധു,<br>മെമ്പർ, വാർഡ് 4 | പുത്തൻപറമ്പിൽ,<br>ആയാപറമ്പ് പി.ഒ.,<br>ആയാപറമ്പ് |
| ശ്രീമതി സ്മിതാമോൾ വർഗ്ഗീസ്,<br>മെമ്പർ, വാർഡ് 1 | വലിയപറമ്പിൽ,<br>പാണ്ടി പി.ഒ. |
| ശ്രീ.ഷാജൻ ജോർജ്ജ്<br>മെമ്പർ, വാർഡ് 3 | ഇഞ്ചിക്കലേത്ത്<br>ആയാപറമ്പ് പി.ഒ. |
| ശ്രീ.നിസ്സാർ അഹമ്മദ്<br>മെമ്പർ, വാർഡ് 5 | പഴവങ്ങാടിയിൽ<br>ചെറുതന പി.ഒ.<br>ആയാപറമ്പ് |
| ശ്രീമതി ശോഭന<br>മെമ്പർ, വാർഡ് 6 | പൂനേരിൽ<br>ചെറുതന പി.ഒ. |
| ശ്രീമതി മായാദേവി<br>മെമ്പർ, വാർഡ് 7 | കോളാത്ത്പറമ്പിൽ<br>ചെറുതന പി.ഒ. |
| ശ്രീമതി അനില<br>മെമ്പർ, വാർഡ് 8 | ആനന്ദഭവനം<br>ചെറുതന പി.ഒ. |
| ശ്രീ.മുരളി<br>മെമ്പർ, വാർഡ് 9 | പടനിലത്ത്<br>ആനാരി |
| ശ്രീമതി ശ്രീകലാസത്യൻ<br>മെമ്പർ, വാർഡ് 10 | ശ്രീനിലയം,<br>ചെറുതന |
| ശ്രീ.ജോൺമാത്യു/എബി മാത്യു<br>മെമ്പർ, വാർഡ് 11 | തോപ്പിൽ,<br>ആയാപറമ്പ് പി.ഒ. |
| ശ്രീ.ശരത് ചന്ദ്രൻ<br>മെമ്പർ, വാർഡ് 12 | കൊച്ചുതോപ്പിൽ,<br>ആയാപറമ്പ് പി.ഒ. |
| ശ്രീ.ബിനു ചെല്ലപ്പൻ<br>മെമ്പർ, വാർഡ് 13 | ചെമ്പകത്ത്<br>പടീറ്റതിൽ<br>ചെറുതന വടക്ക് |

**4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 (വരവ്-ചെലവ്) | എൽ.എഫ്.ജി.എ5-1832/11/31.1.12 |
| 1998-99 | കെ.എസ്.എ-എ.എൽ.പി-പി.3/314/2022 തീയതി 17.05.2023<br>(അദാലത്ത് റിപ്പോർട്ട്) |
| 1999-2000 | |
| 2000-01 | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | |
| 2007-08 | |
| 2009-10 | |
| 2010-11 | |
| 2011-12 | |
| 2012-13 | |
| 2013-14 | |
| 2014-15 | |
| 2015-16 | |
| 2016-17 | |
| 2017-18 | |

| | |
|---|---|
| 2018-19 | |
| 2019-2020 | കെ.എസ്.എ-എ.എൽ.പി-പി3-795/21 /28.09.2021 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി3-796/21 /28.09.2021 |
| 2021-22 | കെ.എസ്.എ-എ.എൽ.പി-പി3-161/2023 /23.03.2023 |
| 2022-23 | കെ.എസ്.എ-എ.എൽ.പി-പി3-1074/2023 /03.10.2023 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**Annexure-1**

**Audit Certificate**

i. I have audited the attached Financial statements approved vide resolution number 7 dated 7 dated 28-05-2024 and submitted on 29-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Cheruthana Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Cheruthana Grama Panchayat as on 31-03-2024

**Date: 04/11/2024** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Cheruthana Grama Panchayat for the Year 2023-2024.**

**1.Major Observations**

NIL

**2.Other Observations**

1. The accounting ratios as per accounting rules are not incorporated with AFS.
2. Cash flow statement- Net increase/Decrease in cash flow does not match with difference between the opening balance and closing balance of the cash & cash equivalents.
3. Details for verification of the amount entered under the head other deposits not produced for audit.

4. The registers for advance and asset are not maintained properly.
5. Investment register not produced for audit
6. Arrear amount of property tax (Current & Previous year) mismatch with sanchaya statement and AFS

Deputy Director

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്